www.societytodaynews.com
2024 NOVEMBER
13
WEDNESDAY
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പണപ്പെരുപ്പം 14 മാസത്തെ ഉയരത്തിൽ
# കേരളത്തിൽ വിലക്കയറ്റം രൂക്ഷം

**മുംബൈ:** ഉള്ളിയും തക്കാളിയും ഉൾപ്പെടെയുള്ള പച്ചക്കറികൾക്ക് വില പിടിവിട്ടുയർന്നതോടെ ഒക്ടോബറിൽ രാജ്യത്തെ ചില്ലറ വിലക്കയറ്റത്തോത് അഥവാ റീട്ടെയിൽ പണപ്പെരുപ്പം 6.21 ശതമാനത്തിലെത്തി. കഴിഞ്ഞ 14 മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിലയാണിത്. ഇതോടെ, ഡിസംബറിലെ റിസർവ് ബാങ്ക് പണനയ നിർണയ യോഗത്തിലും പലിശഭാരം കുറയ്ക്കാനുള്ള സാധ്യത മങ്ങി. ഫലത്തിൽ ബാങ്ക് വായ്പയുടെ പലിശനിരക്കും തിരിച്ചടവ് ബാധ്യതയും (ഇഎംഐ) നിലവിലെ ഉയർന്ന നിരക്കിൽത്തന്നെ തുടരും. റീട്ടെയിൽ പണപ്പെരുപ്പം 4 ശതമാനമായി നിയന്ത്രിക്കുകയാണ് റിസർവ് ബാങ്കിന്റെ ലക്ഷ്യം. എങ്കിലും 2 ശതമാനം വരെ താഴ്ന്നാലോ 6 ശതമാനം വരെ ഉയർന്നാലോ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഭീഷണിയില്ലെന്നും റിസർവ് ബാങ്ക് വ്യക്തമാക്കിയിട്ടുണ്ട്. 2023 ഓഗസ്റ്റിന് ശേഷം ആദ്യമായാണ് ഇത് 6 ശതമാനം കവിയുന്നത്. ജൂലൈയിൽ 3.60%, ഓഗസ്റ്റിൽ 3.65%, സെപ്റ്റംബറിൽ 5.49% എന്നിങ്ങനെയായിരുന്നു. 2023 ഒക്ടോബറിൽ 4.87 ശതമാനമാവും. ഗ്രാമീണമേഖലകളിലെ പണപ്പെരുപ്പം സെപ്റ്റംബറിലെ 5.87ൽ നിന്ന് കഴിഞ്ഞമാസം 6.68 ശതമാനത്തിലെത്തിയെന്നും കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കി. ഗ്രാമങ്ങളിലാണ് പണപ്പെരുപ്പം കൂടുതൽ. നഗരമേഖലകളിലെ പണപ്പെരുപ്പം 5.05 ശതമാനത്തിൽ നിന്നുയർന്ന് 5.62 ശതമാനമായി.



ഭക്ഷ്യവിലപ്പെരുപ്പം അഥവാ ഫുഡ് പ്രൈസ് ഇൻഫ്ലേഷൻ നിയന്ത്രണാതീതമായി കുതിക്കുന്നതാണ് വൻ തിരിച്ചടി. ഉള്ളി, തക്കാളി എന്നിവയുടെ വില രാജ്യത്തു പലയിടത്തും ഇരട്ടിയിലേറെയാണ് കൂടിയത്. ജൂലൈയിൽ 5.42%, ഓഗസ്റ്റിൽ 5.66%, സെപ്റ്റംബറിൽ 9.24% എന്നിങ്ങനെയായിരുന്ന ഭക്ഷ്യവിലപ്പെരുപ്പം കഴിഞ്ഞമാസം ഇരച്ചുകയറിയത് 10.87 ശതമാനത്തിലേക്ക്. പയർവർഗങ്ങൾ, മുട്ട, പഞ്ചസാര, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വില കുറഞ്ഞെങ്കിലും പച്ചക്കറി വില കൂടിയത് വൻ തിരിച്ചടിയായി. കഴിഞ്ഞമാസം വൈദ്യുതി, ഭവനവില പണപ്പെരുപ്പവും കൂടിയിട്ടുണ്ട്.

കേരളത്തിലും വിലക്കയറ്റം രൂക്ഷമാണെന്ന് വ്യക്തമാക്കുന്നതാണ് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ കണക്കുകൾ. സെപ്റ്റംബറിൽ 5.52 ശതമാനമായിരുന്ന കേരളത്തിന്റെ റീട്ടെയിൽ പണപ്പെരുപ്പം കഴിഞ്ഞമാസം ദേശീയ ശരാശരിയെയും കടത്തിവെട്ടി 6.47 ശതമാനത്തിലെത്തി. ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പം 5.92ൽ നിന്ന് 6.98 ശതമാനത്തിലേക്കും നഗരങ്ങളിലേത് 4.81ൽ നിന്ന് 5.37 ശതമാനത്തിലേക്കും കുതിച്ചുകയറി. ഛത്തീസ്ഗഡ് ആണ് പണപ്പെരുപ്പനിരക്ക് ഏറ്റവും ഉയർന്ന സംസ്ഥാനം 8.84%. ബിഹാർ (7.83%), ഒഡീഷ (7.51%), ഉത്തർപ്രദേശ് (7.36%), മധ്യപ്രദേശ് (7.03%), ഹരിയാന (6.76%) എന്നിവയാണ് കേരളത്തിനു മുന്നിലുള്ള മറ്റു സംസ്ഥാനങ്ങൾ. ദക്ഷിണേന്ത്യയിൽ പണപ്പെരുപ്പനിരക്ക് ഏറ്റവും കൂടുതൽ കേരളത്തിലാണ്. 6.32% രേഖപ്പെടുത്തിയ തമിഴ്നാടാണ് തൊട്ടടുത്ത്. ആന്ധ്രയിൽ 6.17%, കർണാടകയിൽ 5.91%, തെലങ്കാനയിൽ 5.50% എന്നിങ്ങനെയാണ് നിരക്ക്.

# വരുമാനം കുത്തനെ കുറഞ്ഞു; 9000 ജീവനക്കാരെ പിരിച്ച് വിടാനൊരുങ്ങി നിസാൻ

**ടോക്യോ:** വരുമാനം കുറഞ്ഞ സാഹചര്യത്തിൽ ആഗോളതലത്തിൽ 9000 തൊഴിലാളികളെ പിരിച്ചു വിടാനൊരുങ്ങി ജാപ്പനീസ് കമ്പനി നിസാൻ മോട്ടോർ. ഇലക്ട്രിക് , ഹൈബ്രിഡ് വാഹനങ്ങളിലൂടെ നഷ്ടം പരിഹരിക്കാനാകുമെന്നാണ് കമ്പനിയുടെ പ്രതീക്ഷയെന്ന് കമ്പനി സിഇഒ മകോട്ടോ ഉച്ചിട പറയുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ 50 ശതമാനം വെട്ടിക്കുറക്കാനും നീക്കമുണ്ട്. ജപ്പാനിലെ മൂന്നാമത്തെ വലിയ ഓട്ടോ കമ്പനിയാണ് നിസാൻ. സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ കമ്പനിയുടെ നെറ്റ് ഇൻകത്തിൽ 94 ശതമാനം കുറഞ്ഞതാണ് കോസ്റ്റ് കട്ടിങ്ങിലേക്ക് നയിച്ചിരിക്കുന്നത്. കഴിഞ്ഞ ആറു മാസത്തിനിടെ നിസാൻ തങ്ങളുടെ ഓഹരികൾ മറ്റൊരു പ്രമുഖ ബ്രാൻഡായ മിത്സുബിഷി മോട്ടോർഴ്സ് കോർപിനു വിറ്റഴിച്ചിട്ടുമുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച് കമ്പനിയുടെ ഓപ്പറേറ്റിങ് ഇൻകത്തിൽ 70 ശതമാനം കുറവാണുള്ളത്. പഴക്കമുള്ള കമ്പനി എന്ന നിലയിൽ ഉപഭോക്താക്കളുടെ താത്പര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുന്നതിൽ നിസാൻ വലിയ പ്രതിസന്ധി നേരിട്ടിരുന്നു.

# ന്യൂനമർദം, ചക്രവാതച്ചുഴി: ഇടിമിന്നലോടു കൂടിയ മഴയ്ക്കു സാധ്യത

**തിരുവനന്തപുരം:** കേരളത്തിൽ അടുത്ത 5 ദിവസം ഇടിമിന്നലോടു കൂടിയ നേരിയ/ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ വടക്കൻ തമിഴ്നാട്, തെക്കൻ ആന്ധ്രാപ്രദേശ് തീരത്തിന് മുകളിലായി ന്യൂനമർദവും തെക്കു കിഴക്കൻ അറബിക്കടലിന് മുകളിലായി കേരള തീരത്തിന് സമീപം ചക്രവാതച്ചുഴിയും സ്ഥിതി ചെയ്യുന്ന സാഹചര്യത്തിലാണ് പ്രവചനം. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്നുമുതൽ 16 വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് പ്രവചിച്ചിട്ടുണ്ട്.

അഞ്ച് ജില്ലകളിൽ ഇന്ന് യെലോ അലർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിലാണ് യെലോ അലർട്ട്. 14ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലും 15ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലും 16ന് എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലും യെലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

# ബുക്കർ പുരസ്കാരം ബ്രിട്ടിഷ് എഴുത്തുകാരി സാമന്ത ഹാർവേക്ക്

**ലണ്ടൻ:** ബ്രിട്ടീഷ് എഴുത്തുകാരി സാമന്ത ഹാർവേക്ക് 2024 ലെ ബുക്കർ പുരസ്കാരം. 'ഓർബിറ്റൽ' എന്ന സയൻസ് ഫിക്ഷൻ നോവലിനാണ് പുരസ്കാരം. രാജ്യാന്തര ബഹിരാകാശ നിലയത്തിലെ യാത്രികരുടെ കഥയാണ് പുസ്തകം പറയുന്നത്. ഭൂമിക്കും സമാധാനത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കായി പുരസ്കാരം സമർപ്പിക്കുകയാണെന്ന് സാമന്ത പറഞ്ഞു. 50000 പൗണ്ടാണ് അവാർഡ് തുക.



രാജ്യാന്തര ബഹിരാകാശ നിലയത്തിലെ ആറ് യാത്രികരുടെ കഥയാണ് ഓർബിറ്റൽ. യുഎസ്, ഇറ്റലി, റഷ്യ, ബ്രിട്ടൻ, ജപ്പാൻ എന്നിവിടങ്ങളിൽനിന്നുള്ള യാത്രികർ ഒറ്റദിവസത്തിൽ 16 സൂര്യോദയങ്ങൾക്കും അസ്തമയത്തിനും സാക്ഷിയാകുകയും ഭൂഗോളത്തിന്റെ സൗന്ദര്യത്തിൽ ഭ്രമിക്കുകയും ചെയ്യുന്ന കഥാപരിസരത്തിലൂടെ നോവൽ പുരോഗമിക്കുന്നു. കോവിഡ് ലോക്ഡൗൺ കാലത്ത് എഴുതാനാരംഭിച്ച നോവൽ 2023 നവംബറിലാണ് പ്രസിദ്ധീകരിച്ചത്.

ജൂറി ഐകകണ്ഠേനയാണ് ഓർബിറ്റലിനെ പുരസ്കാരത്തിന് തിരഞ്ഞെടുത്തതെന്ന് ജൂറി അംഗമായ എഴുത്തുകാരൻ എഡ്മണ്ട് ഡെ വാൽ പറഞ്ഞു. 2019നു ശേഷം ബുക്കർ സമ്മാനം നേടുന്ന ആദ്യവനിതയും 2020നു ശേഷം പുരസ്കാരം നേടുന്ന ആദ്യ ബ്രിട്ടിഷ് എഴുത്തുകാരിയുമാണ് സാമന്ത.





ജയ പീറ്റർ, സീന സജീവൻ, സുനിത വിനോദ്

# വാടകയ്ക്ക് ജി.എസ്.ടി: വനിതാ വ്യാപാരികൾ പ്രക്ഷോഭം നടത്തും

**കൊച്ചി :** വാടകയ്ക്ക് പതിനെട്ട് ശതമാനം ജി.എസ്.ടി നടപ്പാക്കിയത് പിൻവലിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കൗൺസിൽ ആവശ്യപ്പെട്ടു. എറണാകുളം ടൗൺഹാളിൽ ജില്ലാ പ്രസിഡന്റ് സുബൈദ നാസറിന്റെ അധ്യക്ഷതയിൽ കൂടിയ വനിതാ വിംഗിന്റെ 202426 വർഷത്തേയ്ക്കുള്ള ഭാരവാഹിതെരഞ്ഞെടുപ്പ് യോഗമാണ് ജി.എസ്.ടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടത്. ജി.എസ്.ടി പിൻവലിക്കാത്ത പക്ഷം കേരളത്തിലുടനീളം വനിതാ വ്യാപാരികളെ അണിനിരത്തി വലിയ പ്രക്ഷോഭം സംഘടിപ്പിക്കും. കെ.വി.വി.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി.സി.ജേക്കബ് യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ.റിയാസ്, ട്രഷറർ സി.എസ്.അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത് തുടങ്ങിയവർ പ്രസംഗിച്ചു. കെ.വി.വി.ഇ.എസ് വനിതാ വിംഗ് എറണാകുളം ജില്ലാ ഭാരവാഹികളായി ജയ പീറ്റർ (പ്രസിഡന്റ്), സീന സജീവൻ (ജനറൽ സെക്രട്ടറി), സുനിത വിനോദ് (ട്രഷറർ) എന്നിവരെ യോഗം തിരഞ്ഞെടുത്തു.



# ബ്ലൂടൈഗേഴ്സ് കെ.എഫ്.പി.പി.എൽ ടൂർണമെന്റിൽ സെഞ്ചുറി നേട്ടവുമായി അർജുൻ നന്ദകുമാർ

**കൊച്ചി:** ബ്ലൂടൈഗേഴ്സ് കേരള ഫിലിം പ്രൊഡ്യൂസേഴ്സ് പ്രീമിയർ ലീഗിൽ സെഞ്ചുറി നേട്ടവുമായി കൊച്ചിൻ സൂപ്പർ കിംഗ്സ് താരം അർജുൻ നന്ദകുമാർ. ബ്ലൂടൈഗേഴ്സിന്റെ ആഭിമുഖ്യത്തിൽ സെലിബ്രിറ്റി ക്രിക്കറ്റേഴ്സ് ഫ്രറ്റേണിറ്റി രാജഗിരി കോളജ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന ലീഗിൽ സുവി സ്ട്രൈക്കേഴ്സിനെതിരെയുള്ള മത്സരത്തിലാണ് അർജുൻ സെഞ്ചുറി കരസ്ഥമാക്കിയത്. 47 പന്തിൽ നിന്നാണ് സൂപ്പർ കിംഗ്സ് താരം അർജുൻ പുറത്താകാതെ നൂറ് തികച്ചത്. 14 ഫോറും നാല് സിക്സും ഉൾപ്പെടുന്നതാണ് അർജുന്റെ ഇന്നിങ്സ്. രാവിലെ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത സൂപ്പർ കിംഗ്സ് നിശ്ചിത ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 189 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ സുവി സ്ട്രൈക്കേഴ്സിന് എട്ട് വിക്കറ്റ് നഷ്ടത്തിൽ 136 റൺസ് മാത്രമാണ് നേടാൻ കഴിഞ്ഞത്. 43 റൺസെടുത്ത രാഹുൽ വി.ആർ ആണ് സുവി സ്ട്രൈക്കേഴ്സിന്റെ ടോപ് സ്കോറർ. സൂപ്പർ കിംഗ്സിന് വേണ്ടി ഇന്ദ്രജിത്ത് രമേശ് മൂന്ന് വിക്കറ്റും നിതിൻ ഹരി രണ്ട് വിക്കറ്റും വീഴ്ത്തി.

ഉച്ചയ്ക്ക് ശേഷം നടന്ന മറ്റൊരു മത്സരത്തിൽ ഇസി.സി ഐഡിയാസും ക്ലബ് ടീം പ്രൊഡ്യൂസേഴ്സും തമ്മിൽ കൊമ്പുകോർത്തു. മത്സരത്തിൽ ഇസിസി 22 റൺസിന് ജയിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇസിസി നിശ്ചിത ഓവറിൽ ഉയർത്തിയ 114 റൺസ് മറികടക്കാൻ ബാറ്റ് ചെയ്ത ക്ലബ് ടീമിന് ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 94 റൺസെടുക്കാൻ മാത്രമേ സാധിച്ചുള്ളൂ. 44 റൺസെടുത്ത സജേഷ് സുന്ദറാണ് ഇസിസിയുടെ ടോപ് സ്കോറർ. ഇസിസിക്കുവേണ്ടി പ്രഭിരാജ് നാലു വിക്കറ്റും അരുൺ ബെന്നി, ഫിറോസ്, അഖിൽ മാരാർ എന്നിവർ രണ്ട് വിക്കറ്റ് വീതവും വീഴ്ത്തി. ഓരോ ടീമുകളും മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നും ഇത്തരം ലീഗിലൂടെ കായിക സംസ്കാരം വളർത്തിയെടുക്കുവാൻ കേരളത്തിന് സാധിക്കുമെന്നും ബ്ലൂടൈഗേഴ്സ് ഉടമയും പ്രമുഖ സംരംഭകനുമായ സുഭാഷ് മാനുവൽ പറഞ്ഞു.




# കുസാറ്റ്: അഞ്ച് വകുപ്പുകളിലെ ഏഴ് പ്രോഗ്രാമുകൾക്ക് ഐഐഎ അക്രഡിറ്റേഷനൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) അഞ്ച് വകുപ്പുകളിലെ ഏഴ് പ്രോഗ്രാമുകൾക്ക് ഡാറ്റാ സയൻസിന്റെയും അനലിറ്റിക്സിന്റെയും പഠനവും പ്രയോഗവും പ്രോത്സാഹിപ്പിക്കുന്ന അനലിറ്റിക്സിന്റെ ആഗോള സ്ഥാപനമായ യുകെയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സിന്റെ (ഐഐഎ) അക്രഡിറ്റേഷനൻ ലഭിച്ചു. കംപ്യൂട്ടർ സയൻസിൽ സ്പെഷ്യലൈസേഷനോടെ എം എസ് സി കംപ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സ്പെഷ്യലൈസേഷനോടെ എം എസ് സി കംപ്യൂട്ടർ സയൻസ്, മാസ്റ്റർ ഓഫ് കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, ബിസിനസ് പ്രോസസ് ആൻറ് ഡാറ്റാ അനലിറ്റിക്സ് (ദീൻ ദയാൽ ഉപാധ്യായ കൗശൽ കേന്ദ്ര), എം ടെക്ക് ഇൻഫർമേഷൻ ടെക്നോളജി, ബിസിനസ് അനലിറ്റിക്സ് ആൻറ് ഇന്റലിജൻസ്, ബി ടെക്ക് കമ്പ്യൂട്ടർ സയൻസ് ആൻറ് എഞ്ചിനീയറിംഗ്, ബി ടെക്ക് ഇൻഫർമേഷൻ ടെക്നോളജി (സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്), മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്) എന്നീ പ്രോഗ്രാമുകൾക്കാണ് അക്രഡിറ്റേഷനൻ ലഭിച്ചത്. പോളിമർ സയൻസ് ആൻറ് റബ്ബർ ടെക്നോളജി വകുപ്പിൽ ചൊവ്വാഴ്ച നടന്ന അനലിറ്റിക്സ് സമ്മിറ്റ് എക്സ്പ്ലോറിംഗ് ന്യൂ ഹൊറിസോൺസ് എന്ന ഉച്ചകോടിയുടെ ഭാഗമായി നടന്ന ചടങ്ങിലാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. ഐഐഎ, ഇന്റർനാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (ഐഎസ്ഡിസി), കുസാറ്റ് എന്നിവ അടുത്തിടെ ഒപ്പിട്ട ധാരണാപത്രത്തിന്റെ ഭാഗമായാണ് ഉച്ചകോടി സംഘടിപ്പിച്ചത്.

ഐഐഎ അക്രഡിറ്റേഷൻ ലഭിക്കുന്നതോടെ, ഉന്നതനിലവാരമുള്ള അക്കാദമികസ്ഥാപനമെന്ന കുസാറ്റിന്റെ ആഗോളപ്രശസ്തിയ്ക്ക് മാറ്റ് കൂടും. പ്രതിഭകളായ വിദ്യാർത്ഥികളെ സർവ്വകലാശാലയിലേക്ക് ആകർഷിക്കാനും ഇത് സഹായകമാകും.

വൈസ് ചാൻസലർ ഡോ എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഐഐഎ ഗ്ലോബൽ മെമ്പർഷിപ്പ് മാനേജർ ക്ലെയർ ഹോഗ്സൺ, രജിസ്ട്രാർ ഡോ. അരുൺ എ യു, ഐക്യുഎസി ഡയറക്ടർ ഡോ.സാം തോമസ്, ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ.ഹരീഷ് എൻ. രാമനാഥൻ എന്നിവർ പങ്കെടുത്തു.

ഐഐഎയുടെ അക്രഡിറ്റേഷൻ സർവകലാശാലയെ കൂടുതൽ ശ്രദ്ധേയമാക്കുകയും നൈപുണ്യ വികസന പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യുമെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.

അതിവേഗ ഡിജിറ്റൽ വിപ്ലവത്തിൻറെ ഇക്കാലം ജീവിതത്തിന്റെയും പഠനത്തിന്റെയും എല്ലാ മേഖലകളെയും സ്വാധീനിക്കുമെന്ന് പരിപാടിയിൽ സംസാരിച്ച ക്ലെയർ ഹോഗ്സൺ അഭിപ്രായപ്പെട്ടു. 'ബിസിനസ്സ്, സാങ്കേതിക ഭാഷകളിൽ വിദഗ്ധരായ പ്രൊഫഷണലുകളെയാണ് ഭാവിയിൽ ആവശ്യം. 2030 ആകുമ്പോഴേക്കും ആഗോള തൊഴിൽമേഖലയുടെ 94 ശതമാനവും നൈപുണ്യപരിശീലനം നേടിയേ തീരൂ എന്ന സാഹചര്യമാണ് നിലവിലുള്ളത്. മൾട്ടിഡിസിപ്ലിനറി പ്രൊഫഷണലുകളുടെ വൈദഗ്ധ്യം എന്നത് സർഗ്ഗാത്മകത, പ്രശ്നപരിഹാരം, ഡാറ്റ അനലിറ്റിക്സ് എന്നിവയുടെ സങ്കരമായിരിക്കും,' ക്ലെയർ ഹോഡ്ഗ്സൺ പറഞ്ഞു.

ഉച്ചകോടിയുടെ ഭാഗമായി നടന്ന പാനൽ ചർച്ചയിൽ ഡോ.സക്കറിയ കെ.എ, ഡോ.ദലീഷ എം.വിശ്വനാഥൻ, ഡോ.സുദീപ് എളയിടം, ഡോ.ജൂഡി എം.വി., ഡോ.വിനു വർഗീസ്, ശ്രീ. പ്രമോദ് പവിത്രൻ എന്നിവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ക്ലെയർ ഹോഗ്സൺ, ഐ.എസ്.ഡി.സി അനലറ്റിക്സ് വിഭാഗം മേധാവി ഡോ. ശീതൾ മഹേന്ദർ, ഫെഡറൽ ബാങ്ക് അനലറ്റിക്സ് വിഭാഗം മേധാവി ലിബി മാത്യു, ഡോ. സാം തോമസ് എന്നിവർ പങ്കെടുത്തു.

# എലിപ്പനി സാധ്യതയുള്ളവർക്ക് പ്രോട്ടോകോൾ അനുസരിച്ചുള്ള ചികിത്സ സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉറപ്പാക്കണം

**തിരുവനന്തപുരം:** ഏത് പനിയും പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ പനിക്ക് സ്വയം ചികിത്സ തേടരുതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി, എലിപ്പനി എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണം. പ്രാരംഭ ഘട്ടത്തിൽ ചികിത്സിക്കാത്തത് കൊണ്ടാണ് എലിപ്പനി മരണങ്ങൾ പലപ്പോഴും ഉണ്ടാകുന്നത്. എലിപ്പനി സാധ്യതയുള്ളവർക്ക് പ്രോട്ടോകോൾ അനുസരിച്ചുള്ള ചികിത്സ സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉറപ്പാക്കണം. മലിന ജലത്തിലിറങ്ങിയവരിൽ ഡോക്സിസൈക്ലിൻ കഴിക്കാത്തവരിൽ മരണനിരക്ക് കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിനാൽ മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം. കൈകാലുകളിൽ മുറിവുകളുള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുകയോ ചെയ്യണം. കൊതുകിന്റെ ഉറവിട നശീകരണം പ്രത്യേകം ശ്രദ്ധിക്കാനും മന്ത്രി നിർദേശം നൽകി.

സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) യോഗം ചേർന്ന് സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ കൊണ്ടുള്ള മരണങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ അടുത്ത രണ്ടാഴ്ച വിലയിരുത്താൻ മന്ത്രി നിർദേശം നൽകി. പബ്ലിക് ഹെൽത്ത് ആക്ടിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി അത് ചർച്ച ചെയ്ത് വിലയിരുത്തി തുടർ നടപടി സ്വീകരിക്കണം. ഗവേഷണ അടിസ്ഥാനത്തിൽ പഠനം നടത്താനായി ഒരു കമ്മിറ്റി രൂപീകരിക്കും.

ഹെപ്പറ്റൈറ്റിസ് എ, മലേറിയ, എച്ച്1 എൻ1 തുടങ്ങിയ രോഗങ്ങളും പൊതുവായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജലജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. സാലഡ്, ചട്ണി, മോര് എന്നിവയിൽ ഉപയോഗിക്കുന്ന വെള്ളവും തിളപ്പിച്ച് ആറ്റിയ വെള്ളം ആയിരിക്കണം. കുടിവെള്ള സ്രോതസുകൾ കൃത്യമായി ക്ലോറിനേറ്റ് ചെയ്യണം. മണ്ണിലും ജലത്തിലും കലരുന്ന മാലിന്യം ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന ഗുരുതരമായ സാഹചര്യമാണ് നേരിടുന്നത്. അവബോധം ശക്തമാക്കണം.

എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# മുദ്രാ കിരണം പദ്ധതിക്ക് തുടക്കമായി

കണ്ണൂർ: ആധുനിക കാലത്തിന അനുസൃതമായ രീതിയിൽ വിദ്യാഭ്യാസ രീതിയെക്കുറിച്ചുള്ള സങ്കൽപങ്ങൾ മാറണമെന്ന് എം മുകുന്ദൻ പറഞ്ഞു. മുണ്ടേരിയിലെ മുദ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള സംസ്ഥാനതല പ്രോജക്ടായ മുദ്രകിരണം പദ്ധതിയുടെയും മുദ്ര എസി ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുട്ടികൾ ആധുനിക രീതിയിലുള്ള വിഷയങ്ങൾ പഠിക്കാൻ ആഗ്രഹിക്കുമ്പോൾ ഉചിതമായ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. പഠന രീതികളിലും മാറ്റം ഉണ്ടാവണം. മുണ്ടേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ മുദ്രകിരണം പദ്ധതി അനുകരിക്കാവുന്ന മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. മുദ്ര വിദ്യാഭ്യാസ പദ്ധതി ഒരു അഭിമാന പദ്ധതിയാണ്. മുണ്ടേരിയിലെ കുട്ടികൾക്കിത് വലിയൊരു നേട്ടമാണ്. അനുഭവങ്ങളിൽ കൂടിയാണ് കുട്ടികൾ പഠിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് പാശ്ചാത്യ രാജ്യങ്ങളിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി നമ്മുടെ സാംസ്കാരികവും സാമുദായികവുമായ പാരമ്പര്യത്തിൽ നിന്നുകൊണ്ട് പരിഷ്കാരങ്ങൾ നടപ്പിലാക്കണം. എങ്കിൽ മാത്രമേ വിദ്യാഭ്യാസ രംഗത്ത് മികച്ച പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളു എന്നും അദ്ദേഹം പറഞ്ഞു.

മുണ്ടേരി പഞ്ചായത്തിനെ ഒരു വിദ്യാഭ്യാസ ഹബ്ബായി മാറ്റുമെന്ന് പരിപാടിയിൽ അധ്യക്ഷനായ മുദ്ര വിദ്യാഭ്യാസ പദ്ധതി ചെയർമാൻ മുൻ എം.പി കെ. കെ രാഗേഷ് പറഞ്ഞു. മുണ്ടേരിയിലെ 14 എയ്ഡഡ് സ്കൂളുകളെയും 'മുദ്ര' രീതിയിൽ വാർത്തെടുക്കുകയാണ്. കേവലം കെട്ടിടങ്ങളല്ല വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുന്ന ഇടങ്ങളാണ് വിദ്യാലയങ്ങൾ. വിജ്ഞാന വിസ്ഫോടനത്തിന്റെ കാലാനുസൃതമായ മാറ്റം സ്കൂളുകളിൽ ഉണ്ടാക്കാനുള്ള ശ്രമമാണെന്നും അദ്ദേഹം പറഞ്ഞു. മുണ്ടേരി സ്കൂളിൽ പ്ലാനറ്റേറിയം നിർമ്മിക്കാൻ വിദ്യാഭ്യാസ വകുപ്പ് മൂന്നുകോടി രൂപ അനുവദിച്ചതായും അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ സയൻസ് മ്യൂസിയം, തിയേറ്റർ, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കും. വിദ്യാലയത്തെ കാർബൺ ന്യൂട്രൽ ക്യാമ്പസാക്കി മാറ്റും. വിദ്യാർഥികൾക്ക് വിജ്ഞാനം, കല, സാഹിത്യം, വിനോദം, സ്പോർട്സ്, സിനിമ, മാധ്യമം മേഖലകളിൽ മികച്ച രീതിയിലുള്ള പരിശീലനത്തിലൂടെ അഭിവൃദ്ധി നേടുകയാണ് മുദ്രാകിരണം പദ്ധതി ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ ടോക്കി പദ്ധതി മുണ്ടേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടപ്പാക്കുമെന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ പറഞ്ഞു. പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം മുണ്ടേരിയിൽ നടത്തും. ചലച്ചിത്രമേളകൾ, ആസ്വാദന ക്യാമ്പുകൾ, ശിൽപശാലകൾ, സംവാദങ്ങൾ, ചർച്ച തുടങ്ങി ഒട്ടേറെ വിഷയങ്ങൾ സ്കൂൾ ടോക്കിയിലൂടെ ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അടുത്ത മൂന്നു വർഷത്തേക്ക് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾക്ക് കായിക മേഖലയിൽ പരിശീലനം നൽകുമെന്ന് കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു. ഷറഫലി പറഞ്ഞു. ഒൻപത് മുതൽ 12 വയസ്സ് വരെയുള്ള കായിക ശേഷിയുള്ള നൂറ് കുട്ടികളെ കണ്ടെത്തി ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ, ബാന്റ് മേഖലകളിൽ പരിശീലനം നൽകും. ദീർഘകാല പരിശീലനത്തിന് പുറമെ മികച്ച കായിക താരങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർഥികളുടെ സർഗാത്മകത വർധിപ്പിക്കുന്നതിന്റെ ഭാഗമായി ലളിതകലാ അക്കാദമിയുടെ പൂർണ്ണ സഹകരണത്തോടെ ക്രിയേറ്റീവ് കോർണർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ യാഥാർഥ്യമാക്കുമെന്ന് ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് പറഞ്ഞു.

ആഷിക് അബു, ജയകൃഷ്ണൻ, ഗായത്രി വർഷ, ബദരിനാഥ് എന്നിവരും വിശിഷ്ടാതിഥികളായിരുന്നു. മുദ്ര ജനറൽ കൺവീനർ പി.പി ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ അഡ്വ. കെ. കെ രത്നകുമാരി, വി.കെ സുരേഷ് ബാബു. മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അനീഷ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ പ്രമീള, മുണ്ടേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. പങ്കജാക്ഷൻ, മുണ്ടേരി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സി.ലത, കണ്ണൂർ ആർ.ഡി.ഡി എൻ. രാജേഷ് കുമാർ, കണ്ണൂർ ഡിഡിഇ ബാബു മഹേശ്വരി പ്രസാദ്, വിദ്യാകിരണം കോ ഓർഡിനേറ്റർ കെ.സി സുധീർ, പിടിഎ പ്രസിഡന്റ് പി.സി ആസിഫ്, പ്രിൻസിപ്പൽ എം മനോജ് കുമാർ, പ്രധാനാധ്യാപിക റംലത്ത് ബീവി, സ്കൂൾ ചെയർപേഴ്സൺ എ.ദിയ, പ്രോഗ്രാം കൺവീനർ കെ വേണു എന്നിവർ സംസാരിച്ചു. ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

മുണ്ടേരി ക്ലസ്റ്ററിലെ 14 വിദ്യാലയങ്ങളും മുണ്ടേരി ഹയർ സെക്കൻഡറി സ്കൂളുമാണ് മുദ്രാകിരണം പദ്ധതിയിൽ വരുന്നത്. ക്ലസ്റ്റർ വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് വിജ്ഞാനം, കല, സാഹിത്യം, വിനോദം, സ്പോർട്സ്, സിനിമ, മാധ്യമം എന്നീ വിവിധ മേഖലകളിൽ മികച്ച രീതിയിലുള്ള പരിശീലനത്തിലൂടെ അഭിവൃദ്ധി നേടുകയാണ് മുദ്രാകിരണം പദ്ധതി ലക്ഷ്യമിടുന്നത്.

മുണ്ടേരി ഹയർ സെക്കൻഡറി സ്കൂളിലെ മുദ്രാ ഓഡിറ്റോറിയം ആയിരം പേർക്കിരിക്കാവുന്ന ആധുനിക സീറ്റിംഗ് സൗകര്യത്തോടെയാണ് സജ്ജീകരിച്ചിട്ടുള്ളത്. മികച്ച ഡോൾബി സൗണ്ട് സിസ്റ്റവും ഡിജിറ്റൽ മെഗാവാളും എ.സി ഡൈനിങ്ങ് ഹാളും പൂർണമായി ശീതികരിക്കപ്പെട്ട ഓഡിറ്റോറിയത്തിന്റെ പ്രത്യേകതയാണ്.

നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (എൻടിപിസി), റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (ആർഇസി) എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയാണ് ഓഡിറ്റോറിയവും ഡൈനിങ് ഹാളും നിർമ്മിച്ചിട്ടുള്ളത്. 2.826 കോടി രൂപ എൻടിപിസിയും 2.7 കോടി ആർഇസിയും സിഎസ്ആർ ഫണ്ട് നൽകി. ആകെ 5.52600 കോടി രൂപയുടെ പദ്ധതിയാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് മുഖേന കണ്ണൂർ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചത്.

## ജലവിമാനത്തിന്റെ വരവ് ജില്ലയുടെ വിനോദ സഞ്ചാര മേഖലയക്ക് ഊർജ്ജം പകരും: മന്ത്രി റോഷി അഗസ്റ്റിൻ

ചെറുതോണി: ഇടുക്കി ജില്ലയുടെ വിനോദ സഞ്ചാര സംവിധാനത്തെ ശക്തിപ്പെടുത്താൻ സീ പ്ലെയിൻ പോലുള്ള നവപരീക്ഷണങ്ങൾ സാർത്ഥകമാവുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയ്ക്ക് ഊർജം പകർന്നുള്ള സീപ്ലെയിനിന്റെ പരീക്ഷണ പറക്കലിന് ശേഷം മാട്ടുപ്പെട്ടി ഡാം പരിസരത്ത് ചേർന്ന യോഗത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം .കൊച്ചി ബോൾഗാട്ടി മറീനയിൽ നിന്ന് ടെയ്ക് ഓഫ് ചെയ്ത വിമാനം ഇടുക്കി മാട്ടുപ്പെട്ടി ഡാമിൽ വിജയകരമായാണ് ജലം തൊട്ടത്. അരമണിക്കൂറിലേ നേരം വിമാനം ഡാമിൽ ഉണ്ടായി.സീപ്ലെയിനുമായി ബന്ധപ്പെട്ട എല്ലാ ആശങ്കയും പരിഹരിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു.അഡ്വ എ രാജ എം എൽ എ , അധ്യക്ഷത വഹിച്ചു. കെ എസ് ഇ ബി ചെയർമാനും എംഡിയുമായ ബിജു പ്രഭാകർ, ആമുഖ പ്രഭാഷണം നടത്തി. എം എം മണി എം എൽ എ , ദേവികുളം സബ്കളക്ടർ വി എം ജയകൃഷ്ണൻ ഡാം സേഫ്റ്റി ചീഫ് എഞ്ചിനീയർ എസ് നന്ദകുമാർ എന്നിവർ പങ്കെടുത്തു.

തെളിഞ്ഞ അന്തരീക്ഷത്തിലാണ് വിമാനം ഡാമിലേക്ക് ഇറങ്ങിയത്. ഏതാണ്ട് മൂന്ന് കിലോമീറ്റർ വിശാലമായിക്കിടക്കുന്ന ജലപ്പരപ്പാണ് മാട്ടുപ്പെട്ടി ഡാമിലേത്. എല്ലാ കാലത്തും വെള്ളമുണ്ടെന്നുള്ളതാണ് വലിയ പ്രത്യേകത. ഇരട്ടയെഞ്ചിനുള്ള 19 സീറ്റർ വിമാനമാണ് സർവീസിനായി ഉപയോഗിക്കുന്നത്. ഏത് ചെറു ജലാശയത്തിലും എളുപ്പത്തിൽ ഇറക്കാൻ സാധിക്കുമെന്നതാണ് ഈ വിമാനത്തിന്റെ പ്രത്യകത. ചെറുവിമാനത്താവളങ്ങളേയും ജലാശയങ്ങളേയും ബന്ധിപ്പിക്കുകയെന്നതാണ് സീ പ്ലെയിൻ പദ്ധതിയുടെ ലക്ഷ്യം. കൊച്ചിയിൽ നിന്ന് മൂന്നാറിലെത്താൻ വെറും 30 മിനുട്ട് മതിയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ആകർഷണം.അഡ്വ എരാജ എം എൽ എ ,



കെ എസ് ഇ ബി ചെയർമാനും എംഡിയുമായ ബിജു പ്രഭാകർ, ടൂറിസം അസീഷണൽ സയരക്ടർ പി വിഷ്ണു രാജ് , എറണാകുളം ഡിഡിസി അശ്വതി ശ്രീനിവാസ് , സിയൽ ഡയരക്ടർ മനു, ടൂറിസം ഡെപ്യൂട്ടി ഡയരക്ടർ അശ്വനി പി കുമാർ , എറണാകുളം ഡി ടി പി സി സെക്രട്ടറി സതീഷ് മിരാന്ദ എന്നിവരടങ്ങിയ സംഘമാണ് വിമാനത്തിലുണ്ടായായിരുന്നത്. എറണാകുളത്തു നിന്നും പുറപ്പെട്ട ജലവിമാനമാണ് മാട്ടുപ്പെട്ടി ജലാശയത്തിലേക്ക് എത്തിയത്.ടൂറിസം, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് മാട്ടുപ്പെട്ടി ജലാശയത്തിലേക്കുള്ള ജലവിമാനത്തിന്റെ പരീക്ഷണപ്പറക്കൽ ഫ്ലാഗ് ഓഫ് ചെയ്തു. ടൂറിസം രംഗത്ത് ഇടുക്കിക്ക് വലിയ പ്രതീക്ഷയാണ് സീപ്ലെയിനിന്റെ പരീക്ഷണ പ്പറക്കൽ നൽകുന്നത്. കരയിലും വെള്ളത്തിലും ഇറങ്ങാനും പറന്നുയരാനും കഴിയുന്ന ആംഫീബിയൻ വിമാനങ്ങളാണ് സീ പ്ലെയിനുകൾ. വലിയ ജനാലകൾ ഉള്ളതിനാൽ കാഴ്ചകൾ നന്നായി കാണാനാകും. മൂന്നാറിന്റെയും പശ്ചിമഘട്ടത്തിന്റെയും ആകാശക്കാഴ്ചകളിലൂടെയുള്ള സഞ്ചാരം യാത്രികർക്ക് മികച്ച അനുഭവമായിരിക്കും സമ്മാനിക്കുക. എയർ സ്ട്രിപ്പുകൾ നിർമ്മിച്ച് പരിപാലിക്കുന്നതിനുള്ള വലിയ ചെലവ് ഒഴിവാകുന്നുവെന്നതും ജലവിമാനങ്ങളുടെ ആകർഷണീയതയാണ്.ഇടുക്കിയിലെ മാട്ടുപ്പെട്ടി, പാലക്കാട്ടെ മലമ്പുഴ, ആലപ്പുഴയിലെ വേമ്പനാട്ട് കായൽ ,കൊല്ലം അഷ്ടമുടിക്കായൽ, കാസർകോട്ടെ ചന്ദ്രഗിരിപ്പുഴ, തിരുവനന്തപുരത്ത് കോവളം തുടങ്ങി കേരളത്തിലെ പ്രമുഖ ജലാശയങ്ങളെയും , വിവിധ വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി സീപ്ലെയിൻ ടൂറിസം സർക്യൂട്ട് രൂപപ്പെടുത്താനും സർക്കാർതലത്തിൽ ആലോചനയുണ്ട്.

## അഡ്വാൻസ്ഡ് ജേർണലിസം കോഴ്സ് പഠിക്കാൻ അവസരം

തിരുവനന്തപുരം: കെൽട്രോണിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ജേർണലിസം ആൻഡ് മീഡിയ സ്ട്രാറ്റജീസ് കോഴ്സിലേക്കുള്ള പ്രവേശനം പ്രഖ്യാപിച്ചു. പ്രിന്റ്, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് തുടങ്ങിയവയിൽ അധിഷ്ഠിതമായ ജേണലിസം പരിശീലനമാണ് കോഴ്സിന്റെ പ്രത്യേകത. ആങ്കറിം?ഗ്, വാർത്താ അവതരണം, വാർത്താ റിപ്പോർട്ടിങ്, എഡിറ്റോറിയൽ പ്രാക്ടീസ്, പി.ആർ, അഡ്വൈർടൈസിങ്, വീഡിയോഗ്രഫി, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിലും പരിശീലനം നൽകും.

വിവിധ മാധ്യമസ്ഥാപനങ്ങളിൽ പരിശീലനം, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവയ്ക്കുള്ള അവസരവും കോഴ്സിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി പൂർത്തിയാക്കിയവർക്ക് നവംബർ 18 വരെ അപേക്ഷിക്കാം. പ്രായപരിധി ഇല്ല. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ കേന്ദ്രങ്ങളിലാണ് ക്ലാസുകൾ നടക്കുന്നത്. ഫോൺ: 954495 8182, തിരുവനന്തപുരം: 0471 2325154.

## പന്നിപ്പനി സ്ഥിരീകരിച്ചു; മൂന്ന് ഫാമുകളിലെ പന്നികളെ ഉന്മൂലനം ചെയ്യും

കണ്ണൂർ: കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിയോടിയിലെ എം ടി കിഷോറിന്റെ റോയൽ പിഗ് ഫാം എന്ന പന്നിഫാമിലെ പന്നികളിൽ ആഫ്രിക്കൻ പന്നിപ്പനി (ആഫ്രിക്കൻ സ്വൻ ഫീവർ) സ്ഥിരീകരിച്ചതായി ജില്ലാ മൃഗ സംരക്ഷണ ഓഫീസർ അറിയിച്ചു. ഈ സാഹചര്യത്തിൽ ഈ ഫാമിലെയും മേഖലയിലെ മറ്റ് രണ്ട് ഫാമുകളിലെയും മുഴുവൻ പന്നികളെയും എല്ലാ വിധ പ്രോട്ടോക്കോളുകളും പാലിച്ച് ഉടൻ പ്രാബല്യത്തോടെ ഉന്മൂലനം ചെയ്യാൻ ദുരന്ത നിവാരണ നിയമപ്രകാരം ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കലക്ടർ ഉത്തരവിട്ടു. തീറ്റ നശിപ്പിക്കുകയും അണുനശീകരണം നടത്തുകയും ജഡങ്ങൾ മാനദണ്ഡങ്ങൾ പ്രകാരം സംസ്കരിക്കുകയും ചെയ്യണം.

രോഗം സ്ഥിരീകരിച്ച പന്നി ഫാമിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം രോഗബാധിത പ്രദേശമായും 10 കിലോമീറ്റർ ചുറ്റളവ് രോഗ നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു.

# ശബരിമല തീർഥാടനം: 1000 വിശുദ്ധി സേനാംഗങ്ങളെ നിയോഗിക്കും

**പത്തനംതിട്ട:** ശബരിമല തീർഥാടനകാലത്ത് ശുചീകരണ ജോലികൾക്കായി ശബരിമല സാനിറ്റേഷൻ സൊസൈറ്റി മുഖേന ആയിരത്തോളം വിശുദ്ധി സേനാംഗങ്ങളെ നിയോഗിക്കുമെന്ന് ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ. പത്തനംതിട്ട പ്രസ് ക്ലബ് സംഘടിപ്പിച്ച ശബരിമല സുഖദർശനം സംവാദം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.




സന്നിധാനത്ത് 300, പമ്പയിൽ 210, നിലയ്ക്കൽ 450 പേരെ വീതം നിയമിച്ചിട്ടുണ്ട്. പന്തളം, എരുമേലി അടക്കമുള്ള ഇടത്താവളങ്ങളിലും വിശുദ്ധിസേനയുടെ സേവനം ഉറപ്പാക്കും. ഇവരുടെ യൂണിഫോമും മറ്റും നാളെ പമ്പയിൽ നടക്കുന്ന ചടങ്ങിൽ റവന്യൂമന്ത്രി കെ. രാജൻ നൽകും. ഇവർക്കുള്ള പരിശീലനം പൂർത്തിയായിട്ടുണ്ട്.

നാല് എമർജൻസി ഓപ്പറേഷൻ സെൻററുകളാണ് ഇക്കുറി പ്രവർത്തിക്കുക. ഇതിനായി 21 പേർക്ക് പരിശീലനം തുടങ്ങി. ഏകീകൃത വിലവിവരം, ശുചിത്വം എന്നിവ സംബന്ധിച്ച പരിശോധനകൾ കർശനമാക്കും. പോലീസ്, എക്സൈസ്, ഫോറസ്റ്റ്, റവന്യൂ, ലീഗൽ മെട്രോളജി, ഭക്ഷ്യ വകുപ്പുകളുടെ സംയുക്ത സ്‌ക്വാഡുകൾ തീർഥാടനകാലത്ത് പരിശോധനകൾ നടത്തും. ലീഗൽ മെട്രോളജി, ആരോഗ്യ, ഭക്ഷ്യ സുരക്ഷാ വകുപ്പുകളുടെ മേൽനോട്ടത്തിലുള്ള സ്‌ക്വാഡ് ഭക്ഷ്യ ഗുണനിലവാരവും വിലവിവരവും ഉറപ്പ് വരുത്തും. ഭക്ഷ്യ സുരക്ഷാ ലാബ് പമ്പയിൽതന്നെ പ്രവർത്തിക്കും.

ഭക്തർക്ക് കൃത്യമായ ഇൻഫർമേഷനുകൾ ലഭ്യമാക്കാനായി വാട്സ്ആപ്പ് സംവിധാനം ആരംഭിക്കും. ഇതിലൂടെ കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയും. ബഹുഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കും.

ഭക്ഷണ സാധനങ്ങളുടെവില നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഭക്ഷണശാലകളിൽ ആറു ഭാഷകളിൽ ഇതു പ്രദർശിപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. തീർഥാടനവുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം ഇടപെടേണ്ടതും മുൻകൂട്ടി ചെയ്യേണ്ടതുമായ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. ശബരിമല എഡിഎം ഡോ. അരുൺ എസ്. നായർ സന്നിധാനത്തു തങ്ങി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

ശബരിമല തീർഥാടകരെ വഴിയിൽ തടഞ്ഞിടേണ്ട സാഹചര്യം ഇക്കുറി ഉണ്ടാകില്ലെന്ന് കളക്ടർ പറഞ്ഞു. ദർശനത്തിനെത്തുന്ന തീർഥാടകരുടെ എണ്ണം മുൻകൂട്ടി ലഭ്യമാകുമെന്നതിനാൽ തിരക്ക് കൂടുതൽ പ്രതീക്ഷിക്കുന്ന ദിവസങ്ങളിൽ അതിനനുസൃതമായ ക്രമീകരണങ്ങൾ ചെയ്യും.

വെർചൽ ക്യൂ, സ്പോട്ട് ബുക്കിംഗ് നടത്തി എത്തുന്നവരുടെ എണ്ണം കൃത്യമായി പോലീസിനും ലഭ്യമാകുന്നുണ്ട്. അതിനനുസരിച്ച് ദർശന സൗകര്യം ക്രമീകരിച്ചു നൽകാൻ ശ്രമിക്കും. തിരക്ക് വർധിക്കുന്ന അവസരത്തിൽ പാർക്കിംഗിനായി ഇടത്താവളങ്ങളിലും സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. നിലയ്ക്കലിൽ 10,000 വാഹനങ്ങളുടെ പാർക്കിംഗ് ഉറപ്പാക്കാനാകും. നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിൽ കെഎസ്ആർടിസിയുമായി ചേർന്ന് ഭക്തരെ എത്തിക്കാനുള്ള സൗകര്യം ആലോചിച്ചു വരികയാണ്.

പമ്പയിൽ ചക്കുപാലം, ഹിൽടോപ്പ് എന്നിവിടങ്ങളിൽ ചെറിയ വാഹനങ്ങൾ പാർക്ക് ചെയ്യാൻ കോടതിയുടെ അനുവാദം തേടിയിട്ടുണ്ട് .

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് കോന്നി സർക്കാർ മെഡിക്കൽ കോളജാണ് ഇക്കുറി ബേസ് ആശുപത്രിയായി നിശ്ചയിച്ചിരിക്കുന്നതെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ആവശ്യമായ ക്രമീകരണങ്ങൾ മെഡിക്കൽ കോളജിൽ ചെയ്യും.

മെഡിക്കൽ കോളജിലേക്കുള്ള യാത്രാബുദ്ധിമുട്ട് അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യും. എത്രയും വേഗം ചികിത്സ ലഭ്യമാക്കുന്നതിലേക്ക് പമ്പയിലും തീർഥാടന പാതകളിലും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യത്തിലാണ് കോന്നി മെഡിക്കൽ കോളജിനെ ബേസ് ആശുപത്രിയായി പരിഗണിച്ചിട്ടുള്ളത്. കോട്ടയം മെഡിക്കൽ കോളജിലും ശബരിമല വാർഡ് തയാറാകുന്നുണ്ട്.

ശബരിമല എഡിഎം ഡോ.അരുൺ എസ്. നായർ, ഡെപ്യൂട്ടി കളക്ടർ ആർ. രാജലക്ഷ്മി എന്നിവരും പങ്കെടുത്തു. പ്രസ്ക്ലബ് വൈസ് പ്രസിഡൻറ് സി.കെ. അഭിലാൽ അധ്യക്ഷത വഹിച്ചു. പ്രസിഡൻറ് ബിജു കുര്യൻ, സെക്രട്ടറി ജി. വിശാഖൻ എന്നിവർ പ്രസംഗിച്ചു.




## അമൃത് ഭാരത് സ്റ്റേഷൻ: കോയമ്പത്തൂർ നോർത്ത് റെയിൽവേ സ്റ്റേഷനു വൻ പുരോഗതി

**പാലക്കാട് :** അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ കോയമ്പത്തൂർ നോർത്ത് റെയിൽവേ സ്റ്റേഷൻ വൻ പുരോഗതിയിലേക്ക്. എൻഎസ്ജി 6 ആയി തരംതിരിച്ചിരിക്കുന്ന സ്റ്റേഷനിൽ 29 ട്രെയിനുകൾക്ക് സേവനം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളിലും ശേഷിയിലും ഗണ്യമായ പുരോഗതിയാണ് പദ്ധതിയിൽ ഉണ്ടായത്.

കോയമ്പത്തൂർ നഗരത്തിൻറെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്റ്റേഷൻ, ഗാന്ധിപുരം വാണിജ്യ മേഖല, ക്രോസ് കട്ട് റോഡ്, 100 അടി റോഡ് തുടങ്ങിയ പ്രധാന പ്രദേശങ്ങൾക്ക് സമീപമാണ്. ബസ്, ഓട്ടോ, കോൾ ടാക്സി സേവനങ്ങളുമായി ദിവസം മുഴുവൻ മികച്ച കണക്റ്റിവിറ്റിയും വിപുലമായ കാർ, ഇരുചക്ര വാഹന പാർക്കിംഗ് സൗകര്യങ്ങളും ഇവിടെയുണ്ട്. 11.5 കോടി രൂപ ബജറ്റിൽ ആരംഭിച്ച പുതിയ നവീകരണ പദ്ധതി വിവിധ സ്റ്റേഷൻ സൗകര്യങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ ഉണ്ടാക്കി.

എൻട്രിഎക്സിറ്റ് പോയിൻറുകൾ, പാസഞ്ചർ ടെർമിനൽ കെട്ടിടങ്ങൾ, പാർക്കിംഗ് ഏരിയകൾ, വെയിറ്റിംഗ് ഹാളുകൾ, ടോയ്‌ലറ്റുകൾ, ലിഫ്റ്റ് സൗകര്യങ്ങൾ, ഫുട്ട് ഓവർബ്രിഡ്ജുകൾ, സ്റ്റേഷൻ വളപ്പിനുള്ളിലെ മറ്റ് അവശ്യസേവനങ്ങൾ എന്നിവയും മെച്ചപ്പെട്ടു.

കൂടുതൽ വികസനങ്ങൾക്കായി കോയമ്പത്തൂരിലെ പ്രാദേശിക അസോസിയേഷനുകൾ റെയിൽവേ അധികാരികൾക്ക് നിരവധി നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്.

രണ്ട് അധിക പ്ലാറ്റ്ഫോമുകൾ കൂടി നിർമാണത്തിനായി നിർദേശമുണ്ട്. വിപുലീകരണം കണ്ണൂർ, ഷൊർണൂർ, പൊള്ളാച്ചി, പാലക്കാട്, മധുര തുടങ്ങിയ സ്ഥലങ്ങളിലേക്ക് പുറപ്പെടുന്നതോ സ്റ്റോപ്പുചെയ്യുന്നതോ ആയ കൂടുതൽ ട്രെയിനുകളെ ഉൾക്കൊള്ളാൻ സ്റ്റേഷനെ പ്രാപ്തമാക്കും. മൂന്ന് വൈദ്യുതീകരിച്ച ട്രാക്കുകളും മേട്ടുപ്പാളയം പാതയുടെ ശാഖകളും മൂലം സ്റ്റേഷനെ ജംഗ്ഷനായി തരംതിരിക്കുന്നതിന് സാധ്യതയുള്ള, മേട്ടുപ്പാളയം റോഡിൽ നിന്ന് എത്തിച്ചേരാവുന്ന പാർക്കിംഗ് സ്ഥലങ്ങൾ ഒരുക്കുന്ന കാര്യം റെയിൽവേ ബോർഡ് പരിഗണിക്കുമെന്ന് യാത്രക്കാർ പ്രതീക്ഷിക്കുന്നു.

കോയമ്പത്തൂർ ജംഗ്ഷനിലെ തിരക്ക് ലഘൂകരിക്കുന്നതിന്, കോയമ്പത്തൂർ എക്സ്പ്രസ്, ചെന്നൈ ഇൻറർസിറ്റി എക്സ്പ്രസ്, ജനശതാബ്ദി എക്സ്പ്രസ് തുടങ്ങിയ ട്രെയിനുകൾക്ക് കോയമ്പത്തൂർ നോർത്തിൽ അടിയന്തര സ്റ്റോപ്പുകൾ ആവശ്യമാണ്.

രാജ്യത്തെ ഏറ്റവും വേഗത്തിൽ വളരുന്ന ടയർടു നഗരങ്ങളിലൊന്നായ കോയമ്പത്തൂരിൻറെ പദവി അംഗീകരിച്ചുകൊണ്ട് ഈ പൊതു ആവശ്യങ്ങൾ ഉടനടി പരിഹരിക്കാൻ ജനപ്രതിനിധികളോടും റെയിൽവേ ഉദ്യോഗസ്ഥരോടും അസോസിയേഷനുകൾ അഭ്യർഥിച്ചു.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനികപുരസ്കാരവിതരണവും വെബ്പോർട്ടൽ ഉദ്ഘാടനവും വെള്ളിയാഴ്ച

**തിരുവനന്തപുരം :** കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനികപുരസ്കാരവിതരണവും വെബ്പോർട്ടൽ ഉദ്ഘാടനവും നവംബർ 22ന് വെള്ളിയാഴ്ച വൈകുന്നേരം 3.30ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഫിഷറീസ്സാംസ്കാരികയുവജനകാര്യവകുപ്പുമന്ത്രി സജി ചെറിയാൻ ആധ്യക്ഷ്യം വഹിക്കും. മന്ത്രിമാരായ വി. ശിവൻകുട്ടി, അഡ്വ.ജി. ആർ. അനിൽ, അഡ്വ. വി.കെ. പ്രശാന്ത് എം.എൽ.എ., മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ്കുമാർ, സാംസ്കാരികവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ ഐ.എ.എസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഇൻചാർജ് സുമേഷ് എന്നിവർ സംസാരിക്കും.

എൻ. വി. കൃഷ്ണവാരിയർ സ്മാരകവൈജ്ഞാനികപുരസ്കാരജേതാവ് പി. എൻ. ഗോപീകൃഷ്ണൻ, എം. പി. കുമാരൻ സ്മാരകവിവർത്തനപുരസ്കാരജേതാവ് എസ്. ശാന്തി എന്നിവർ ഒരു ലക്ഷം രൂപ വീതമുള്ള പുരസ്കാരം ഏറ്റുവാങ്ങും. മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള ഡോ. കെ. എം. ജോർജ് സ്മാരക ഗവേഷണപുരസ്കാരം ഡോ. ടി. തസ്ലീമ ഏറ്റുവാങ്ങും.

## അതി നൂതന ക്യാപ്സ്യൂൾ പേസ്മേക്കർ ചികിത്സയുമായി കോഴിക്കോട് മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്റർ

**കൊച്ചി:** സൗത്ത് ഇന്ത്യയിൽ ആദ്യമായി ഏറ്റവും പുതിയ അതി നൂതന ക്യാപ്സ്യൂൾ പേസ്മേക്കർ ചികിത്സയുമായി കോഴിക്കോട് മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്റർ. സർജറിയോ മറ്റു മുറിവുകളോ ആവശ്യമില്ലാതെ മനുഷ്യ ശരീരത്തിലെ ഹൃദയമിടിപ്പ് കുറഞ്ഞാൽ അതിനെ നിയന്ത്രണത്തിൽ കൊണ്ട് വരുന്ന ഏറ്റവും അതി നൂതന ക്യാപ്സ്യൂൾ പേസ്മേക്കർ ചികിത്സ രീതിയാണ്.

മറ്റു സാധാരണ പേസ്മേക്കേറുകളിൽ നിന്നും ക്യാപ്സൂൾ പേസ്മേക്കറുകളിൽ നിന്നും വ്യത്യസ്തമായി ഒട്ടനവധി പ്രത്യേകതകൾ നിറഞ്ഞതാണ് എന്ന ഏറ്റവും പുതിയ ഈ ക്യാപ്സൂൾ പേസ്മേക്കർ. ഇത് വരെയുള്ള ക്യാപ്സൂൾ പേസ്മേക്കറുകൾക്ക് 8 വർഷം ആയിരുന്നു ബാറ്ററി കപ്പാസിറ്റി എങ്കിൽ ഇതിന് ഇരുപത് വർഷത്തെ ബാറ്ററി കപ്പാസിറ്റി ലഭിക്കും .കൂടാതെ കുറച്ചു വർഷങ്ങൾക്ക് ശേഷം നമുക്ക് ഇത് ആവശ്യമില്ല എങ്കിൽ തിരിച്ചെടുക്കാൻ സാധിക്കും എന്നതും ഇപ്പോൾ സിംഗിൾ ചേമ്പർ ആയി ഇമ്പ്ലാൻറ് ചെയ്യുന്ന ഈ പേസ്മേക്കർ ഭാവിയിൽ ഡ്യുവൽ ചേമ്പർ ആയി നവീകരിക്കാൻ സാധിക്കുമെന്നതും ഇതിന്റെ പ്രത്യേകതയാണ്. കോഴിക്കോട് സ്വദേശി ആയിട്ടുള്ള 75 വയസ്സുകാരനിൽ ആണ് സൗത്ത് ഇന്ത്യയിൽ തന്നെ ആദ്യമായി മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്ററിലെ സീനിയർ കാർഡിയോളജിസ്റ്റ് & ഇലെക്ട്രോഫിസിയോളജിസ്റ്റ് ഡോക്ടർ അരുൺ ഗോപിയുടെ നേതൃത്വത്തിൽ ആണ് ഈ ചികിത്സ വിജയകരമായി പൂർത്തിയാക്കിയത് .സർജറിയോ മറ്റു മുറിവുകളോ ആവശ്യമില്ലാതെ ഇമ്പ്ലാൻറ് ചെയ്യാൻ സാധിക്കുമെന്നതും ഇരുപത് വർഷത്തെ ബാറ്ററി കപ്പാസിറ്റി ലഭിക്കുമെന്നതും ഈ നൂതന ക്യാപ്സൂൾ പേസ്മേക്കർ ന്റെ ഏറ്റവും വലിയ പ്രത്യേകത ആണെന്ന് ഹോസ്പിറ്റൽ ചെയർമാൻ ഡോക്ടർ പി പി മുഹമ്മദ് മുസ്തഫ പറഞ്ഞു.




# റൂറൽ ജില്ലാ പോലീസ് കായിക മേള: ഡിഎച്ച് ക്യു കളമശേരി ജേതാക്കൾ

**ആലുവ:** എറണാകുളം റൂറൽ ജില്ലാ പോലീസ് കായിക മേളയിൽ ഡിഎച്ച് ക്യു കളമശേരി ജേതാക്കളായി. പുത്തൻകുരിശ് സബ് ഡിവിഷനാണ് രണ്ടാംസ്ഥാനം. അത്താണി മാർ അത്തനേഷ്യസ് സ്കൂൾ മൈതാനിയിൽ നടന്ന സമാപന ചടങ്ങിൽ ജില്ലാ പോലീസ് മേധാവി ഡോ വൈഭവ് സക്സേന മാർച്ച് പാസ്റ്റിന് അഭിവാദ്യം സ്വീകരിച്ച് സമ്മാനവിതരണം നിർവ്വഹിച്ചു. പെരുമ്പാവൂർ ഏ.എസ് പി ശക്തി സിംഗ് ആര്യ, അഡീഷണൽ എസ്പി എം.കൃഷ്ണൻ, ഡിവൈഎസ്പിമാരായ എം.എ അബ്ദുൾ റഹിം, ടി.ആർ രാജേഷ്, വി.ടി.ഷാജൻ,പി.എം ബൈജു, ടി.എം വർഗീസ്, എസ്. ജയകൃഷ്ണൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വിനോദ് വി മാത്യു , വിവിധ സ്റ്റേഷനുകളിലെ പോലീസുദ്യോഗസ്ഥർതുടങ്ങിയവർ പങ്കെടുത്തു. ബേസിൽ അഖിൽ, സന്തോഷ് കുമാർ, ഫെബിൻ ജോസഫ്, പ്രതീക്ഷ, ടി.ജെ ഐസിമോൾ എന്നീ പോലീസുദ്യോഗസ്ഥരാണ് മികച്ച അത്‌ലറ്റുകൾ, മികച്ച മാർച്ച് പാസ്റ്റിംഗിനുള്ള ട്രോഫി മുനമ്പം സബ് ഡിവിഷൻ കരസ്ഥമാക്കി. കഴിഞ്ഞ 7 ന് ആരംഭിച്ച കായിക മേള അഞ്ച് സബ് ഡിവിഷനുകളിലായാണ് നടന്നത്.

# ഐബിഎം ജെൻഎഐ ഇനോവേഷൻ സെൻറർ ഉദ്ഘാടനം ചെയ്തു

## പ്രതീക്ഷിക്കുന്നത് 5000 തൊഴിലവസരം

**കൊച്ചി:** ഐബിഎമ്മിൻറെ ജെൻ എഐ ഇനോവേഷൻ സെൻറർ വ്യവസായ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. ഇൻഫോപാർക്ക് ഫേസ് ഒന്നിലെ ലുലു ടവറിലാണ് ഐബിഎമ്മിൻറെ അത്യാധുനിക ഓഫീസ് ആരംഭിച്ചത്.

വർക്ക് ഫ്രം കേരളയാണ് ഇനി പുതിയ നയമെന്ന് ഓഫീസ് ഉദ്ഘാടനം നിർവഹിച്ച് മന്ത്രി പി രാജീവ് പറഞ്ഞു. സുസ്ഥിര ഗതാഗത സൗകര്യങ്ങൾ, ശുദ്ധവായു, ശുദ്ധജലം, തുറന്ന സമീപനമുള്ള ജനത എന്നിവയെല്ലാം കേരളത്തിൻറെ പ്രത്യേകതയാണ്. ആഗോള കമ്പനികളിലെ മലയാളികളായ ജീവനക്കാർക്ക് കേരളത്തിൽ താമസിച്ചു കൊണ്ട് ജോലിയെടുക്കാവുന്ന അവസ്ഥയുണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഐബിഎമ്മിൻറെ പുതിയ ജെൻ എഐ ഇനോവേഷൻ സെൻറർ വലിയ പ്രതീക്ഷയാണ് നൽകുന്നത്. നിലവിൽ 2000 പേരാണ് ഇവിടെ ജോലി ചെയ്യുന്നത്. ഭാവിയിൽ ഇത് 5000 ആകുമെന്നാണ് പ്രതീക്ഷ. ലോകത്തെ തന്നെ ഐബിഎമ്മിൻറെ ഏറ്റവും വളർച്ചാ നിരക്കുള്ള കാമ്പസാണിതെന്ന് അദ്ദേഹം പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഐബിഎമ്മിൻറെ വാട്സൺ എക്സ് പ്ലാറ്റ്ഫോമിലുള്ള ജെൻ എഐ ലാബുമായി സഹകരണം വർധിപ്പിക്കും. വിദ്യാർഥികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇനോവേഷൻ സെൻററിൽ തങ്ങളുടെ എഐ പരീക്ഷണങ്ങൾ നടത്താവുന്ന സംവിധാനം ഉണ്ടാകുമെന്നും പി രാജീവ് പറഞ്ഞു.

ഐബിഎമ്മിൻറെ അന്താരാഷ്ട്ര ഉപഭോക്താക്കൾക്കായി എക്സ്പീരിയൻസ് സെൻറർ പുതിയ സംവിധാനത്തിലുണ്ടാകുമെന്ന് ഐബിഎം ഇന്ത്യാ സോഫ്റ്റ്വെയർ ലാബ്സ് വൈസ്പ്രസിഡൻറ് വിശാൽ ചഹാൽ പറഞ്ഞു. പ്രധാനമായും മൂന്ന് ഘടങ്ങളാണ് ഇവിടെയുണ്ടാകുന്നത്. അന്താരാഷ്ട്ര ഉപഭോക്താക്കൾക്കായുള്ള അവതരണ സംവിധാനം, ജീവനക്കാരും ഉപഭോക്താക്കളും ചേർന്ന് വർക്ക്ഷോപ്പും കൂടിയാലോചനകളും നടത്താനുള്ള സംവിധാനം, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കുമുള്ള സംവിധാനം തുടങ്ങിയവയാണ് ഇവിടെയുണ്ടാവുന്നത്. ഇതോടെ അന്താരാഷ്ട്ര ഐടി ഉപഭോക്താക്കളുടെ ദൃഷ്ടിയിൽ കൊച്ചി പ്രധാന ഇടമായി മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐബിഎമ്മിൻറെ ലോകത്തെ തന്നെ ഏറ്റവും മികച്ച ഓഫീസ് സംവിധാനമാണ് കൊച്ചിയിലേതെന്ന് വിശാൽ ചഹേൽ പറഞ്ഞു. വാട്സൺ എക്സ് പ്ലാറ്റ്ഫോമിൻറെ പൂർണ ഡെവലപ്മൻറ് പ്രവർത്തനങ്ങൾ കൊച്ചിയിലായിരിക്കും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും സൗജന്യമായി ജെൻഎഐ ലാബിൽ ഉത്പന്ന മാതൃക, പരീക്ഷണങ്ങൾ എന്നിവ നടത്താവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ഐബിഎമ്മിൻറെ ജെൻഎഐ സെൻറർ മന്ത്രി രാജീവ് പൂർണമായും നടന്ന് കണ്ടു. പൂർണമായും കൊച്ചിയിൽ വികസിപ്പിച്ചെടുത്ത മൂന്ന് ഐബിഎം ഉത്പന്നങ്ങളുടെ മാതൃകകൾ ഐബിഎം പ്രതിനിധികൾ മന്ത്രിക്ക് മുന്നിൽ അവതരിപ്പിച്ചു.

വാട്സൺ എക്സിലൂടെ വികസിപ്പിച്ച ഓർക്കസ്ട്രേറ്റ്, ഇൻസ്ട്രക്ട് ലാബ് ടെക്നോളജി വിത്ത് ഐബിഎം ആൻഡ് റെഡ്ഹാറ്റ്, ഐബിഎം കോൺസെർട്ട് എന്നിങ്ങനെ മൂന്ന് ഉത്പന്നങ്ങളുടെ മാതൃകകളാണ് അവതരിപ്പിച്ചത്.

തികച്ചും പ്രാദേശികമായ കരകൗശല വസ്തുക്കളാണ് ഓഫീസിൻറെ ഉൾവശത്തെ രൂപകൽപ്പനയ്ക്ക് ഉപയോഗിച്ചിട്ടുള്ളത്. പെരുമാട്ടി, നിലമ്പൂർ, ഏരൂർ തുടങ്ങിയ സ്ഥലത്ത് നിന്നുള്ള പ്രാദേശിക കലാകാര?ാരാണ് രൂപകൽപ്പനയ്ക്കുള്ള കലാസൃഷ്ടികൾ നൽകിയത്. ഉദ്ഘാടന ചടങ്ങിൽ ഈ കലാകാരന്മാരെ പ്രത്യേകം ആദരിച്ചു.



കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ നിയുക്ത ശബരിമല മേൽശാന്തി എസ്.അരുൺ നമ്പൂതിരിയെ പൂർണ്ണകുംഭം നൽകി സ്വീകരിക്കുന്നു.

# നിയുക്ത ശബരിമല മേൽശാന്തി എസ്.അരുൺ നമ്പൂതിരിക്ക് കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ സ്വീകരണം നൽകി

**കൊച്ചി:** കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ നിയുക്ത ശബരിമല മേൽശാന്തി എസ്.അരുൺ നമ്പൂതിരിക്ക് സ്വീകരണം നൽകി. ക്ഷേത്രങ്കണത്തിൽ ശബരിമല മുൻ മേൽശാന്തിയും പാവക്കുളം ക്ഷേത്രം മേൽശാന്തിയുമായ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ നേതൃത്വത്തിൽ പൂർണ്ണകുംഭം നൽകിയാണ് സ്വീകരണം നൽകിയത്. ചടങ്ങിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ വിജി തിമ്പി, സംസ്ഥാന ട്രഷറർ വി.ശ്രീകുമാർ, പ്രശാന്ത് നമ്പൂതിരി, മൂർക്കന്നൂർ മോഹനൻ നമ്പൂതിരി, ക്ഷേത്രം ഭാരവാഹികളായ കെ.പി.മാധവൻകുട്ടി, ഉണ്ണികൃഷ്ണ മേനോൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# സംസ്ഥാന സ്കൂൾ കലോത്സവം തലസ്ഥാനത്തിന്റെ സാംസ്കാരിക സമ്പന്നതക്ക് മാറ്റു കൂട്ടും: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് ജനുവരി 4 മുതൽ 8 വരെ നടക്കുന്ന സംസ്ഥന സ്കൂൾ കലോത്സവം തലസ്ഥാനത്തിന്റെ സാംസ്കാരിക സമ്പന്നതക്ക് മാറ്റു കൂട്ടുമെന്ന് പൊതുവിദ്യഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരം ശിക്ഷക് സദനിൽ ചേർന്ന സംസ്ഥാന സ്കൂൾ കലോത്സവ സ്വാഗതസംഘ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഈ വർഷത്തെ കലോത്സവത്തിൽ തദ്ദേശീയ കലാരൂപങ്ങളായ മംഗലം കളി, മലപുലയാട്ടം, ഇരുള നൃത്തം, പളിയ നൃത്തം, പണിയ നൃത്തം എന്നിവ പുതിയതായി മത്സരയിനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന പ്രത്യേകതയുണ്ട്.

സ്കൂൾ, ഉപജില്ലാ, റവന്യൂജില്ലാ തലങ്ങളിലെ മത്സരങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിന് ശേഷമാണ് സംസ്ഥാനതല മത്സരങ്ങൾ നടക്കുന്നത്. ഏകദേശം പതിനയ്യായിരത്തോളം വിദ്യാർഥികൾ സംസ്ഥാനതലത്തിൽ വിവിധ മത്സരങ്ങളിൽ മാറ്റുരക്കും. ഒരു കുട്ടിക്ക് മൂന്ന് വ്യക്തിഗത ഇനങ്ങളിലും രണ്ട് ഗ്രൂപ്പിനങ്ങളിലും മത്സരിക്കാം. സ്കൂൾ തലങ്ങളിൽ മത്സരിച്ച് വിജയിക്കുകയും, ഉപജില്ലാ, റവന്യൂ ജില്ലാ മത്സരത്തിൽ എ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്ത വിദ്യാർഥികളാണ് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നത്. 2016 ന് ശേഷമാണ് തിരുവനന്തപുരം വീണ്ടും സംസ്ഥാന സ്കൂൾ കലോത്സവത്തിന് ആതിഥേയത്വം വഹിക്കുന്നത്.

ഹൈസ്കൂൾ വിഭാഗത്തിൽ നൂറ്റിയൊന്നും ഹയർ സെക്കൻഡറി വിഭാഗത്തിൽ നൂറ്റിപ്പത്തും, അറബിക്, സംസ്കൃതോത്സവങ്ങളിൽ പത്തൊമ്പത് വീതവും ഉൾപ്പെടെ ആകെ ഇരുന്നൂറ്റി നാൽപത്തിയൊമ്പത് മത്സരങ്ങളാണ് നടക്കുന്നത്. പ്രധാന വേദിയായ പുത്തരിക്കണ്ടം മൈതാനം, അയ്യങ്കാളി ഹാൾ, നിശാഗന്ധി ഓഡിറ്റോറിയം, ടാഗോർ തിയേറ്റർ, എസ്.എം.വി സ്കൂൾ, മോഡൽ സ്കൂൾ ഉൾപ്പെടെ നഗരത്തിൽ 25 ലധികം വേദികളിലായാണ് മത്സരങ്ങൾ നടക്കുന്നതെന്നും മന്ത്രി അറിയിച്ചു.

ഗവർണർ ആരിഫ് മുഹമ്മദ് ഖാനും, മുഖ്യമന്ത്രി പിണറായി വിജയനുമാണ് കലോത്സവ സംഘാടക സമിതിയുടെ മുഖ്യ രക്ഷാധികാരികൾ. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ ഓർഗനൈസിങ്ങ് കമ്മിറ്റി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ജീവൻബാബു കെ. ജനറൽ കോർഡിനേറ്ററുമായി സ്വാഗത സംഘം രൂപീകരിച്ചു.

കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ 19 സബ് കമ്മിറ്റികൾ പ്രവർത്തിക്കും. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ പൊതുജനങ്ങൾ ഉൾപ്പെടെ എല്ലാവരുടെയും സഹകരണവും കൂട്ടായ്മയും അനിവാര്യമാണെന്നും മന്ത്രി വി. ശിവൻകുട്ടി യോഗത്തിൽ പറഞ്ഞു.

ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ അധ്യക്ഷത വഹിച്ചു.

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഡിസംബർ 13 മുതൽ 15 വരെ കൊച്ചിയിൽ

**കൊച്ചി:** കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷനും (കെ.എസ്.എസ്.ഐ.എ), മെട്രോ മാർട്ടും സംയുക്തമായി വ്യവസായ വകുപ്പ് കേരള സർക്കാർ,എം.എസ്.എം.ഇ ഭാരത സർക്കാർ, കെബിപ്, കിൻഫ്ര എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഡിസംബർ 13 മുതൽ 15 വരെ കൊച്ചി കിൻഫ്രാ ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടക്കും. എക്സ്പോയുടെ ഉദ്ഘാടനം 14 നു രാവിലെ 11 ന് മുഖ്യമന്ത്രി പിണറായിവിജയൻ നിർവ്വഹിക്കും. കേരള വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ഐ.എ.എസ്, എം എസ് എം ഇ ഡയറക്ടർ ജി എസ് പ്രകാശ്, കെഎസ്ഐഡിസി എം ഡി എസ്. ഹരികിഷോർ ഐഎഎസ് , കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, വ്യവസായ വകുപ്പ് ഡയറക്ടർ, ഉന്നത ഉദ്യോഗസ്ഥർ, കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി ജോസഫ് പൈകട, എക്സിബിഷൻ കമ്മിറ്റി ചെയർമാൻ കെ. പി. രാമചന്ദ്രൻ നായർ, സി ഇ ഒ സിജി നായർ എന്നിവർ ഉൽഘാടന സമ്മേളനത്തിൽ പങ്കെടുക്കും.




**പത്ര സമ്മേളനത്തിൽ കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡന്റ് എ നിസാറുദീൻ, ജനറൽ സെക്രട്ടറി ജോസഫ് പൈകട, ഓർഗനൈസിങ് കമ്മിറ്റിചെയർമാൻ കെ പി രാമചന്ദ്രൻ നായർ, കെ എസ് എസ് ഐ എ സംസ്ഥാന ട്രഷറർ ജയകൃഷ്ണൻ, സംസ്ഥാന വൈസ് പ്രേസഡന്റുമാരായ ഫസലുദീൻ, പി ജെ ജോസ്, ശ്രീ സുനിൽനാഥ്, കെ എസ് എസ് ഐ എ ന്യൂസ് എഡിറ്റർ സലിം, സംഘാടക സമിതി വൈസ് ചെയർമാൻ വെൺപകൽ ചന്ദ്രമോഹൻ, എക്സ്പോ സി ഇ ഒസിജിനായർ**

കേന്ദ്ര എം എസ് എം ഇ വകുപ്പ് മന്ത്രി ജിതൻ റാം മാഞ്ചി പതിനഞ്ചിനു നടക്കുന്ന സമാപന സമ്മേളനം ഉൽഘാടനം ചെയ്യും. കാക്കനാട് കൊച്ചി കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടക്കുന്ന വ്യവസായിക മേളയിൽ മുന്നൂറോളം സ്ഥാപനങ്ങൾ തങ്ങളുടെ ഉല്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും .

കേരളത്തിനകത്തും പുറത്തുമുള്ള പ്രമുഖ യന്ത്രസാമഗ്രികളുടെ നിർമാതാക്കളുടേത് ഉൾപ്പെടെ, മുന്നൂറോളം സ്റ്റാളുകളാണ് പ്രദർശനത്തിനെത്തുന്നത്.വിദേശ രാജ്യങ്ങളിൽ നിന്നുള്ള മെഷീൻ നിർമാതാക്കളും എക്സ്പോയിൽ അണിനിരക്കുന്നുണ്ട്.

ഇന്ത്യയിൽ ലഭ്യമായ അത്യാധുനിക യന്ത്രങ്ങൾ കാണാനും അവയുടെ പ്രവർത്തനം നേരിട്ടു കണ്ട് മനസ്സിലാക്കാനുമുള്ള അസുലഭാവസരമാണ് കേരളത്തിലെ വ്യവസായികൾക്ക്എക്പോയിലൂടെ ലഭിക്കുന്നത്.

ഇൻഡസ്ട്രി 4.0 ആശയത്തിന് കേരളത്തിൽ വമ്പൻ കുതിച്ചുചാട്ടമുണ്ടാക്കാൻ സഹായിക്കുന്നതാണ് ഈ എക്സ്പോ. കേരളത്തിലെ വ്യാവസായിക വളർച്ചയ്ക്ക് വേഗം കൂട്ടാനുംപ്രോത്സാഹനം നൽകാനുമുള്ള ശ്രമങ്ങളിൽ നിർണായകമാണ് ഇൻഡസ്ട്രിയൽ എക്സ്പോ.

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന എക്സ്പോയിൽ പതിനായിരത്തിലേറെ വ്യവസായ, വാണിജ്യ പ്രമുഖർ എത്തുമെന്ന് കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പറഞ്ഞു. അറിയപ്പെടുന്ന വ്യവസായികൾ, നയരൂപീകരണ വിദഗ്ധർ, പങ്കാളിത്തത്തിനു സാധ്യതയുള്ള ബിസിനസുകാർ, പുതിയ സംരംഭകർ എന്നിവരുടെ സാന്നിധ്യംഇതിനോടകം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെയെല്ലാം കൂട്ടായ സഹകരണത്തിനും ചർച്ചകൾക്കും എക്സ്പോ വേദിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ എക്സ്പോ വഴിയൊരുക്കുമെന്ന് ഐ.ഐ.ഐ.ഇ സംഘാടക സമിതി ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ പറഞ്ഞു. ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ ഉന്നമനത്തിലൂടെ കേരളത്തിനെ രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ നിരയിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾക്ക് ഊർജംപകരുക എന്ന ലക്ഷ്യത്തോടെ ആണ് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ സംഘടിപ്പിക്കുന്നത്. ഇതിനായി അതിനൂതന സാങ്കേതികവിദ്യകളുടെ വിശാലമായപ്രദർശനമാണ് സജ്ജമാക്കിയിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

ശീതീകരിച്ച നാലു പവലിയനുകളിലായി ഇരുന്നൂറ്റി അമ്പതിലധികം സ്റ്റാളുകളിൽ കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർ പ്രദേശ് എന്നീസംസ്ഥാനങ്ങളിൽ നിന്നുള്ള കമ്പനികളും തങ്ങളുടെ മെഷീനറികൾ പ്രദർശിപ്പുമെന്ന് കെ.എസ്.എസ്.ഐ.എ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജോസഫ് പൈകട പറഞ്ഞു.

രജിസ്ട്രേഷൻ നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.iiie.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ +91 9947733339 എന്നനമ്പറിലോ ശിളീ@ശശശല.ശി എന്ന ഇമെയിൽ ഐഡിയിലോ ബന്ധപ്പെടാവുന്നതാണ്.



## ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ജാഗ്രതാ ബോധവൽക്കരണ വാരം ആചരിക്കുന്നു

**കൊച്ചി :** ജീവനക്കാർക്കിടയിൽ ജാഗ്രത പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും നൈതിക ബാങ്കിംഗ് രീതികൾ പരിപോഷിപ്പിക്കുന്നതിനുമായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് നവംബർ 16 വരെ 'ജാഗ്രതാ ബോധവൽക്കരണ വാരം' ആചരിക്കുന്നു. ഈ വർഷത്തെ ബാങ്കിന്റെ ജീവനക്കാരുടെ പ്രചാരണമായ 'പരസ്പരം എല്ലാവരും ശ്രദ്ധിക്കുക' എന്നത് 'രാജ്യത്തിന്റെ സമൃദ്ധിക്ക് സമഗ്രതയുടെ സംസ്കാരം' എന്ന ഇന്ത്യാ സർക്കാരിന്റെ പ്രമേയത്തിന് അനുസൃതമായ പരസ്പര ജാഗ്രതയുടെ പ്രാധാന്യത്തിന് അടിവരയിടുന്നു. മുഖ്യാതിഥിയായ കർണാടക ഡയറക്ടർ ജനറൽ ഓഫ് പോലീസ് സിഐഡി, ഡോ. എം. എ. സലീം, ഐപിഎസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

## അലയൻസ് യൂണിവേഴ്സിറ്റിക്ക് നാക് എ+ അക്രെഡിറ്റേഷൻ

**ബെംഗളൂരു:** ദക്ഷിണേന്ത്യയിലെ ആദ്യ യുജിസി അംഗീകൃത സ്വകാര്യ സ്ഥാപനമായ അലയൻസ് യൂണിവേഴ്സിറ്റിക്ക് നാഷണൽ അസെസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ (നാക്) എ+ ഗ്രേഡ് ലഭിച്ചു.

ഈ എ+ അക്രെഡിറ്റേഷൻ നേട്ടം, പ്രധാന ഡൊമെയ്നുകളിലുട നീളമുള്ള ഉയർന്ന സ്കോറുകളോടെ, 3.26 എന്ന സർവ്വകലാശാലയുടെ ക്യുമുലേറ്റീവ് സിജിപിഎയിൽ പ്രതിഫലിക്കുന്നു.

അലയൻസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പ്രീസ്റ്റ്ലി ഷാൻ പറഞ്ഞു: 'നാക്ന്റെ ഈ അംഗീകാരം ഉന്നതവിദ്യാഭ്യാസരംഗത്തെ മികവിനുള്ള അലയൻസ് യൂണിവേഴ്സിറ്റിയുടെ പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നു, കൂടാതെ ദേശീയ അന്തർദേശീയ തലങ്ങളിൽ അക്കാദമിക്, പ്രൊഫഷണൽ ലാൻഡ്സ്കേപ്പുകൾ രൂപപ്പെടുത്തുന്നതിൽ അതിന്റെ സ്വാധീനം വീണ്ടും ഉറപ്പിക്കുകയും ചെയ്യുന്നു. അന്തർദ്ദേശീയ പങ്കാളിത്തം, സർക്കാർ ധനസഹായം, വ്യവസായ സഹകരണം എന്നിവയ്ക്കുള്ള സ്ഥാനം ശക്തിപ്പെടുത്തുന്നു. തുടർച്ചയായ മെച്ചപ്പെടുത്തൽ, ഉയർന്ന നിലവാരമുള്ള ഇൻഫ്രാസ്ട്രക്ചർ, തന്ത്രപരമായ ഭരണം എന്നിവയിൽ ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച്, ഉന്നത വിദ്യാഭ്യാസത്തിൽ ഒരു മുൻനിരയായി അലയൻസിനെ കൂടുതൽ ഉറപ്പിക്കുന്നു, ഇത് പങ്കാളികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും ഇടയിൽ ആത്മവിശ്വാസം പകരുന്നു.'

സമീപകാല അംഗീകാരങ്ങൾ അലയൻസ് യൂണിവേഴ്സിറ്റിയുടെ ഒരു മുൻനിര സ്ഥാപനമെന്ന നിലയെ ശക്തിപ്പെടുത്തി : എൻഐആർഎഫ് 2024ൽ നിയമത്തിൽ 18ാം റാങ്കും മാനേജ്മെന്റിൽ 70ാം സ്ഥാനവും നേടി, ക്യൂഎസ് കഗേജ് ൽ നിന്ന് ഒരു ഡയമണ്ട് റേറ്റിംഗും നേടി. കൂടാതെ സ്വകാര്യ സർവ്വകലാശാല ബിസ്കൂളുകളിൽ ദക്ഷിണേന്ത്യയിൽ മൂന്നാം സ്ഥാനത്തും ടൈംസ് ബിസ്കൂൾ 2024 റാങ്കിംഗിൽ ദേശീയതലത്തിൽ 13ാം സ്ഥാനവും അലയൻസ് യൂണിവേഴ്സിറ്റി നേടി.

അടൽ ഇന്നൊവേഷൻ മിഷന്റെ എഐസിആർഎഐഎസ്ഇ യുടെ നാഷണൽ സസ്റ്റൈനബിലിറ്റി ഇംപാക്ട് ഇൻസ്റ്റിറ്റിയൂഷന്റെ റാങ്കിംഗിൽ (എൻഎസ്ഐഐആർ) അലയൻസ് യൂണിവേഴ്സിറ്റി ഒന്നാം സ്ഥാനത്തെത്തി. ക്യുഎസ് ഏഷ്യാ റാങ്കിംഗിൽ 2024ൽ ദക്ഷിണേന്ത്യയിൽ 238ാം റാങ്കും നേടി. ക്യുഎസ് ഏഷ്യ റാങ്കിംഗിൽ 2024ൽ ദക്ഷിണേന്ത്യയിൽ 238ാം റാങ്കും ഡിഐഐഎസ്സി റാങ്കിംഗിൽ 2025 ലെ നേട്ടത്തിന്റെ സർട്ടിഫിക്കറ്റും സർവ്വകലാശാലയ്ക്ക് ലഭിച്ചു.

# എംഎഫ് സെൻട്രലിനായി കാംസും കെഫിൻടെകും സംയുക്ത സംരംഭം ആരംഭിച്ചു

**കൊച്ചി:** വിവിധ മ്യൂചൽ ഫണ്ടുകളുടെ ഇടപാടുകൾ ഒരൊറ്റ സംവിധാനത്തിലൂടെ നടത്താൻ സൗകര്യമൊരുക്കുന്ന എംഎഫ് സെൻട്രലിനായി സംയുക്ത സംരംഭം ആരംഭിക്കുന്നതായി കാംസും കെഫിൻടെകും പ്രഖ്യാപിച്ചു. മ്യൂചൽ ഫണ്ടുകളുടെ ഇന്ത്യയിലെ ഏറ്റവും വലിയ രജിസ്ട്രാറും ട്രാൻസ്ഫർ ഏജൻറുമാണ് കമ്പ്യൂട്ടർ ഏജ് മാനേജ്മെൻറ് സർവീസസ് ലിമിറ്റഡ് (കാംസ്), ആഗോള നിക്ഷേപക, ഇഷ്യൂവർ സൊല്യൂഷനുകളുടെ മുൻനിര ദാതാക്കളാണ് കെഫിൻ ടെക്നോളജീസ് ലിമിറ്റഡ് (കെഫിൻടെക്).

സെബിയുടെ നിർദേശമനുസരിച്ച് 2021ലാണ് കാംസും കെഫിൻടെകും സഹകരിച്ച് എംഎഫ് സെൻട്രലിൻറെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പുതിയ സ്ഥാപനമായിരിക്കും എംഎഫ് സെൻട്രലിൻറെ സാങ്കേതകവിദ്യാ വികസനം, വിപണനം, വിൽപന തുടങ്ങിയവയെല്ലാം കൈകാര്യം ചെയ്യുക. നിക്ഷേപക സേവനങ്ങളുടേയും നിക്ഷേപകർക്കായുള്ള സൗകര്യങ്ങളുടേയും കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എംഎഫ് സെൻട്രൽ തുടരും.

ഇന്ത്യൻ മ്യൂചൽ ഫണ്ട് മേഖലയിലെ നിർണായക നാഴികക്കല്ലാണിതെന്ന് കാംസ് മാനേജിങ് ഡയറക്ടർ അനൂജ് കുമാർ പറഞ്ഞു. എംഎഫ് സെൻട്രലിനായി പ്രത്യേകമായ സ്ഥാപനം ആരംഭിക്കുന്നത് പ്രവർത്തനങ്ങൾക്ക് സഹായകമാകുമെന്നും നിക്ഷേപകർക്ക് കൂടുതൽ സൗകര്യമെന്ന ലക്ഷ്യം കൈവരിക്കാൻ സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

ബന്ധപ്പെട്ട എല്ലാവർക്കും സൗകര്യപരമായി മുന്നോട്ടു പോകാൻ സഹായിക്കുന്ന വിധത്തിൽ ആഗോള തലത്തിൽ തന്നെ ആദ്യമായണ് ഇത്തരം ഡിജിറ്റൽ നീക്കമെന്ന് കെഫിൻടെക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ശ്രീകാന്ത് നഡെല്ല പറഞ്ഞു.

# യുടിഐ മ്യൂചൽ ഫണ്ട് രണ്ട് പുതിയ ഇൻഡസ്ക് ഫണ്ടുകൾ ആരംഭിച്ചു

**കൊച്ചി:** യുടിഐ മ്യൂചൽ ഫണ്ട് ആരംഭിച്ച രണ്ട് പുതിയ ഇൻഡക്സ് ഫണ്ടുകളായ യുടിഐ നിഫ്റ്റി ആൽഫാ ലോ വൊളാറ്റിലിററി 30 ഇൻഡക്സ് ഫണ്ടിൻറേയും യുടിഐ നിഫ്റ്റി മിഡ്കാപ് 150 ഇൻഡക്സ് ഫണ്ടിൻറേയും എൻഎഫ്ഒ നവംബർ 25 വരെ നടത്തും. നിക്ഷേപകർക്ക് വൈവിധ്യമാർന്നതും അച്ചടക്കത്തോടു കൂടിയതുമായ അവസരങ്ങളാണ് ഈ പാസീവ് ഫണ്ടുകൾ ഒരുക്കുന്നത്.

നിഫ്റ്റി ആൽഫ ലോ വൊളാറ്റിലിറ്റി 30 സൂചികയെ പിന്തുടരുന്ന ഓപ്പൺ എൻഡഡ് പദ്ധതിയാണ് ആദ്യത്തേത്. നിഫ്റ്റി 100, നിഫ്റ്റി മിഡ്കാപ് 50 എന്നിവയിലെ 30 കമ്പനികളിലായാവും ഈ പദ്ധതിയുടെ നിക്ഷേപം. എൻഎസ്ഇയിൽ ലിസ്റ്റു ചെയ്തിട്ടുള്ള എല്ലാ മിഡ്കാപ് കമ്പനികളിലും അവസരം ലഭ്യമാക്കുന്നതാണ് രണ്ടാമത്തെ പദ്ധതിയായ യുടിഐ നിഫ്റ്റി മിഡ്കാപ് 150 ഇൻഡക്സ് ഫണ്ട്.

ആയിരം രൂപയാണ് ഇതു പദ്ധതികളിലേയും കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം.

# എൻപിസിഐയുടെ ഓൾവെയ്സ് ഫോർവേഡ് കാമ്പെയിനു തുടക്കമായി

**കൊച്ചി:** രാജ്യത്തെ ഡിജിറ്റൽ പെയ്മെൻറ് സംവിധാനങ്ങളിലേക്ക് എല്ലാവരേയും ഉൾപ്പെടുത്തുക എന്ന ലക്ഷ്യവുമായി നാഷണൽ പെയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻസിപിഐ) 'ഓൾവെയ്സ് ഫോർവേഡ്' എന്ന പ്രചാരണ പരിപാടിക്കു തുടക്കം കുറിച്ചു. വ്യക്തിഗത പുരോഗതിയുടേയും രാജ്യ പുരോഗതിയുടേയും പിന്നിൽ ഡിജിറ്റൽ സാമ്പത്തിക ഇടപാടുകൾക്ക് മുഖ്യ പങ്കാണു വഹിക്കാനുള്ളത് എന്നു ചൂണ്ടിക്കാട്ടുന്നതാണ് ഈ പ്രചാരണ പരിപാടികൾ.

യുപിഐ, ഐഎംപിഎസ്, റുപേ, ഭീം, എഇപിഎസ്, എൻഇടിസി, ഫാസ്ടാഗ് തുടങ്ങി നിരവധി പുതുമകളുമായി ഡിജിറ്റൽ പണമിടപാടു രംഗത്ത് വൻ വിപ്ലവമാണ് കഴിഞ്ഞ ഒരു ദശാബ്ദമായി എൻപിസിഐ നടത്തിയത്. ദേശീയ തലത്തിൽ സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകൾ പ്രദാനം ചെയ്യാൻ ഈ സംവിധാനങ്ങൾ വഴിയൊരുക്കുകയും ഇന്ത്യയെ ഡിജിറ്റൽ രംഗത്തെ ഏറ്റവും മുന്നിലുള്ള സമ്പദ്ഘടനയാക്കി മാറ്റുകയും ചെയ്തു.

സാങ്കേതികവിദ്യാ മുന്നേറ്റങ്ങൾ പ്രയോജനപ്പെടുത്തി ശോഭനമായ ഭാവി കൈവരിക്കാൻ ആഗ്രഹിക്കുന്ന ഏവരേയും പ്രചോദിപ്പിക്കുന്നതായിരിക്കും ഓൾവെയ്സ് ഫോർവേഡ് എന്ന് ഇതേക്കുറിച്ചു സംസാരിക്കവെ എൻപിസിഐ വിപണന വിഭാഗം മേധാവി രമേഷ് യാദവ് പറഞ്ഞു.


# കൊച്ചിയിൽ പുരപ്പുറ സൗരോർജ്ജ സംവിധാനം സ്ഥാപിച്ചത് 6.33 ശതമാനം പേർ



**കൊച്ചി:** കൊച്ചി നിവാസികളിൽ 6.33 ശതമാനം പേർ പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചതായി ലൂമിനസ് നടത്തിയ സർവ്വേ ചൂണ്ടിക്കാട്ടുന്നു. ഇതേ സമയം 41 ശതമാനം പേർക്കും ഇതേക്കുറിച്ചുള്ള അറിവ് പരിമിതമാണെന്നും സൂചിപ്പിക്കുന്നു. സൗരോർജ്ജ് പാനലുകൾ സ്ഥാപിക്കാനായി പ്രത്യേക കഴിവുകൾ ആവശ്യമാണെന്ന് 95.33 ശതമാനം പേർ സർവ്വേയിൽ ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ സൗരോർജ്ജ സംവിധാനങ്ങളെ കുറിച്ച് ലൂമിനസ് പവർ ടെക്നോളജീസ് നടത്തിയ സർവ്വേയാണ് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്. സൗരോർജ്ജ സംവിധാനങ്ങൾ ഏറെ ജനകീയവും താങ്ങാനാവുന്നതുമാണെന്നാണ് കൊച്ചിയിൽ നിന്നു സർവ്വേയിൽ പങ്കെടുത്ത 53.67 ശതമാനം പേരും അഭിപ്രായപ്പെട്ടത്. പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾക്ക് അനുയോജ്യമായ കാലാവസ്ഥയാണ് കൊച്ചിയിലുള്ളതെന്നും 78.67 ശതമാനം പേർ കരുതുന്നു. ഇന്ത്യയിലെ 13 പ്രമുഖ നഗരങ്ങളിലായി 4,318 പേരിലാണ് ഈ സർവ്വേ നടത്തിയത്. ഈ മേഖലയിലെ തൊഴിൽ അവസരങ്ങളെ കുറിച്ച് കൃത്യമായ അറിവില്ലെന്നാണ് 42.33 ശതമാനം പേരും സൂചിപ്പിച്ചത്.

അതേ സമയം 34.33 ശതമാനം പേർ ഈ രംഗത്തിനായുള്ള പ്രത്യേക പരിശീലന പരിപാടികളുടെ അഭാവത്തെ കുറിച്ചും ചൂണ്ടിക്കാട്ടി. വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഒരു വെല്ലുവിളിയാണെന്ന് അഭിപ്രായപ്പെട്ടത് 58 ശതമാനം പേരാണ്. കൊച്ചിയിൽ സൗരോർജ്ജ മേഖലയ്ക്ക് പിന്തുണ വർധിച്ചു വരുന്നത് ഏറെ പ്രോൽസാഹനജനകമാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ലൂമിനസ് പവർ ടെക്നോളജീസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രീതി ബജാജ് പറഞ്ഞു. സൗരോർജ്ജത്തിൻറെ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്താൻ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട വെല്ലുവിളികൾ കൂടി പരിഹരിക്കണമെന്നും പ്രീതി ബജാജ് .കൂട്ടിച്ചേർത്തു.

# സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ് 2024; പരിശീലനം പൂർത്തിയാക്കിയത് 3500 യുവാക്കൾ




**കൊച്ചി:** സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ് (എസ്ഐസി) 2024 പരിപാടിയുടെ ഭാഗമായി സാംസങ്ങ് ഇന്ത്യ 3500 വിദ്യാർത്ഥികളുടെ സർട്ടിഫിക്കേഷൻ പരിശീലനം പൂർത്തിയാക്കി. ഇന്ത്യാ സർക്കാരിൻ്റെ ◌സ്കിൽഇന്ത്യ, ◌ഡിജിറ്റൽഇന്ത്യ എന്നീ ആശയങ്ങളുടെ ചുവടു പിടിച്ചു കൊണ്ടുള്ള സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ് പരിപടിയിലൂടെ എഐ, ഇൻ്റർനെറ്റ് ഓഫ് തിംങ്ങ്സ്, ബിഗ് ഡാറ്റ, കോഡിങ്ങ് ആൻ്റ് പ്രോഗ്രാമിങ്ങ് എന്നിങ്ങനെ ഏറെ ഡിമാൻഡുള്ള സാങ്കേതിക വിദ്യാമേഖലകളിൽ യുവാക്കൾക്ക് പരിശീലനം നൽകുകയും പ്രസ്തുത മേഖലകളിൽ തൊഴിൽ കണ്ടെത്തുവാൻ അവരെ കൂടുതൽ പ്രാപ്തരാക്കുന്നതിലുമാണ് ഊന്നൽ നൽകുന്നത്. 3500 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് 2024ൽ സാംസങ്ങിൻ്റെ ഈ പരിശീലന പരിപാടി നടത്തിയത്. 2023ൽ 3000 വിദ്യാർത്ഥികൾക്കായിരുന്നു പരിശീലനം നൽകിയത്. ഉത്തർപ്രദേശ്, ഡൽഹി എൻസിആർ, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 12 എസ്ഐസി സർട്ടിഫിക്കേഷൻ പരിപാടികൾ ഈ സിഎസ്ആർ സംരംഭത്തിൽ ഉൾപ്പെടുന്നു.

പരിപാടിയിൽ ഓരോ ഡൊമേനിലും മുൻ നിരയിലെത്തിയ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളവർക്ക് 1 ലക്ഷം രൂപ ക്യാഷ് അവാർഡും സാംസങ്ങ് ഉൽപ്പന്നങ്ങളും സമ്മാനമായി നൽകുന്നതാണ്. ദേശീയ തലത്തിൽ ഉന്നത സ്ഥാനങ്ങൾ നേടിയവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഡൽഹി എൻസിആറിലുള്ള സാംസങ്ങിൻ്റെ അത്യന്താധുനിക കേന്ദ്രങ്ങൾ സന്ദർശിക്കുവാനും കമ്പനിയുടെ നേതൃസ്ഥാനത്ത് ഇരിക്കുന്നവരുമായി സംവദിക്കുവാനുള്ള അവസരവും ലഭിക്കും.

ഇലക്ട്രോണിക്സ് സെക്ടർ സ്കിത്സ് കൗൺസിൽ ഓഫ് ഇന്ത്യയുടെ (ഇഎസ്എസ്സിഐ) പങ്കാളിത്തത്തോടെ 2002ൽ ആണ് സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ് ഇന്ത്യയിൽ ആദ്യമായി ആരംഭിച്ചത്. സാംസങ്ങ് ഇന്നൊവേഷൻ കാമ്പസ്, സാംസങ്ങ് സോൾവ് ഫോർ ടുമാറോ തുടങ്ങിയ പദ്ധതികളിലൂടെ ഇന്ത്യയിലെ യുവതയിലെ നൈപുണ്യം വളർത്താനുള്ള പ്രവർത്തനങ്ങളിൽ സാംസങ്ങ് പങ്കാളികളാകുന്നു.

# ആഭ്യന്തര റൂട്ടുകളിൽ 1599 രൂപ മുതലുള്ള ടിക്കറ്റുമായി എയർ ഇന്ത്യ എക്സ്പ്രസിൽ ഫ്ളാഷ് സെയിൽ

**കൊച്ചി:** ആഭ്യന്തര റൂട്ടുകളിൽ 1599 രൂപ മുതൽ ആരംഭിക്കുന്ന വിമാന ടിക്കറ്റുമായി എയർ ഇന്ത്യ എക്സ്പ്രസിൽ ഫ്ളാഷ് സെയിൽ ആരംഭിച്ചു.

നവംബർ 19 മുതൽ 2025 ഏപ്രിൽ 30 വരെയുള്ള യാത്രകൾക്കായി നവംബർ 13 വരെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് 1599 രൂപ മുതലുള്ള ഓഫർ നിരക്കിൽ ലഭിക്കുക. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ മശൃശിറശമലഃുൃലൈ.രീ ബുക്ക് ചെയ്യുന്നവർക്ക് 1444 രൂപ മുതലുള്ള എക്സ്പ്രസ് ലൈറ്റ് നിരക്കിലും ടിക്കറ്റ് ലഭിക്കും.

ചെക്ക് ഇൻ ബാഗേജ് ഇല്ലാതെയുള്ള യാത്രക്കായുള്ള എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ യാത്ര ചെയ്യുന്നവർക്ക് 3 കിലോ അധിക ക്യാബിൻ ബാഗേജ് നേരത്തെ ബുക്ക് ചെയ്താൽ സൗജന്യമായി ലഭിക്കും. കൂടുതൽ ലഗേജ് ഉള്ളവർക്ക് ആഭ്യന്തര വിമാനങ്ങളിൽ 15 കിലോ ചെക്ക് ഇൻ ബാഗേജിന് 1000 രൂപയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോയ്ക്ക് 1300 രൂപയും മാത്രമാണ് ഈടാക്കുക.



എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലെ ലോയൽറ്റി അംഗങ്ങൾക്ക് 58 ഇഞ്ച് വരെ സീറ്റുകൾ തമ്മിൽ അകലമുള്ള ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് വിഭാഗത്തിലേക്ക് 25 ശതമാനം കിഴിവിൽ ടിക്കറ്റ് എടുക്കാം. എയർ ഇന്ത്യ എക്സ്പ്രസിൻറെ 30 പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ബിസ് ക്ലാസ് സീറ്റുകൾ ലഭ്യമാണ്. വിപുലീകരണത്തിൻറെ ഭാഗമായി ആഴ്ച തോറും ഒരോ പുതിയ വിമാനം വീതം എയർ ഇന്ത്യ എക്സ്പ്രസ് ഫ്ലീറ്റിലേക്ക് ഉൾപ്പെടുത്തുന്നുണ്ട്.

ലോയൽറ്റി അംഗങ്ങൾക്ക് 25 ശതമാനം കിഴിവിൽ ഗോർമേർ ഭക്ഷണം, സീറ്റുകൾ, മുൻഗണന സേവനങ്ങൾ എന്നിവയും ലഭിക്കും. വിദ്യാർഥികൾ, മുതിർന്ന പൗരർ, ഡോക്ടർ, നഴ്സ്, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും വെബ്സൈറ്റിലൂടെ പ്രത്യേക കിഴിവിൽ ടിക്കറ്റ് ബുക്ക് ചെയ്യാം.

# ഇന്ത്യ ഗെയിം ഡെവലപ്പർ കോൺഫറൻസ് 15 വരെ ഹൈദരാബാദിൽ

**കൊച്ചി :** ഗെയിം ഡെവലപ്പർ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന ഇന്ത്യ ഗെയിം ഡെവലപ്പർ കോൺഫറൻസിന്റെ 16ാമത് പതിപ്പ് ഇന്ന് മുതൽ ( നവംബർ 13 ) ഹൈദരാബാദിൽ ആരംഭിക്കും. 15 വരെ ഹൈദരാബാദ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് പരിപാടി നടക്കുന്നത്.

ആഗോളതലത്തിൽ പ്രസിദ്ധരായ വീഡിയോ ഗെയിമിംഗ് കമ്പനി സ്ഥാപകരും സിഎക്സ്ഒകളും നയിക്കുന്ന കോൺഫറൻസിൽ 20,000ലധികം പേർ പങ്കെടുക്കും. 250ലേറെ സ്പീക്കർമാരും 150ലേറെ സെഷനുകളും ഉണ്ടാകും. ജോർദാൻ വെയ്സ്മാൻ (ബാറ്റിൽടെക്ക്, മെക്ക് വാരിയർ, ഷാഡോ റൺ എന്നിവയുടെ സ്രഷ്ടാവ്), ടിം മോർട്ടൻ (സ്റ്റാർക്രാഫ്റ്റ് കക, അടുത്തിടെ പുറത്തിറക്കിയ സ്റ്റോം ഗേറ്റ് എന്നിവയ്ക്ക് പിന്നിലുള്ള വ്യക്തി), ബ്രൈസ് ജോൺസൺ (എക്സ്ബോക്സ് അഡാപ്റ്റീവ് കൺട്രോളറിന്റെ സഹ സ്ഥാപകൻ) തുടങ്ങിയ ഗെയിമിംഗ് രംഗത്തെ പ്രമുഖർ കോൺഫറൻസിൽ പങ്കെടുക്കും.

ലോകമെമ്പാടുമുള്ള ഗെയിമിംഗ് വ്യവസായത്തിലെ ട്രെൻഡുകൾ, വെല്ലുവിളികൾ, പുതുമകൾ എന്നിവ കോൺഫറൻസിൽ ചർച്ച ചെയ്യും. കൂടാതെ, ഇൻഡി ഡെവലപ്പർമാർ, ബോർഡ് ഗെയിമുകൾ, ഗെയിമിംഗ് കമ്പനികൾ, കൺട്രി പവലിയനുകൾ എന്നിവ പ്രദർശിപ്പിക്കുന്ന വിപുലമായ എക്സ്പോയും കോൺഫറൻസിന്റെ ഭാഗമായുണ്ട്. നവംബർ 14ന് നടക്കുന്ന അവാർഡ് നൈറ്റിൽ പത്ത് വിഭാഗങ്ങളിലായി ഇന്റർനാഷണൽ ഗെയിം അവാർഡും രണ്ട് പ്രത്യേക ജൂറി പുരസ്കാരങ്ങളും സമ്മാനിക്കും.

നയ ചർച്ചകൾ, ടാലന്റ് ഡെവലപ്പമെന്റ്, അന്താരാഷ്ട്ര സഹകരണങ്ങൾ എന്നിവയിലൂടെ രാജ്യത്തിന്റെ വീഡിയോ ഗെയിമിംഗ് വ്യവസായത്തിന് പുതിയ ഉയരങ്ങൾ കൈവരിക്കുന്നതിന് സമ്മേളനം വഴിയൊരുക്കും. ടിക്കറ്റുകൾക്കും കൂടുതൽ വിവരങ്ങൾക്കും www.indiagdc.com സന്ദർശിക്കാം.



# ലെക്സസ് ഇന്ത്യയ്ക്ക് 14% വിൽപ്പന വളർച്ച

**കൊച്ചി:** കഴിഞ്ഞ വർഷം ഒക്ടോബറിനെ അപേക്ഷിച്ച് 2024 ഒക്ടോബർ വിൽപ്പനമാസത്തിൽ വർഷാനുവർഷം ശ്രദ്ധേയമായ 43% വിൽപ്പന വളർച്ച കൈവരിച്ചു. ലെക്സസിന്റെ ലക്ഷ്വറി ലൈനപ്പിലുടനീളമുള്ള ഉയർന്ന ഡിമാൻഡും ശക്തമായ ഉപഭോക്തൃ ഇടപഴകലുമാണ് ഇതിനു സഹായിച്ചത്. കൂടാതെ, 2024 ഒക്ടോബർ വരെയുള്ള കലണ്ടർ വർഷത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 14% വളർച്ചയും ലെക്സസ് രേഖപ്പെടുത്തി. 2024 ഒക്ടോബറിൽ ലെക്സസ് ഇന്ത്യയുടെ മൊത്തം വിൽപ്പനയുടെ 58%വും സംഭാവന ചെയ്ത ലെക്സസ് ഇഎസ് മോഡൽ ഈ ഉത്സവ സീസണിലും ശ്രദ്ധേയമായി തുടരുന്നു. കഴിഞ്ഞ വർഷം ഒക്ടോബറിനെ അപേക്ഷിച്ച് 2024 ഒക്ടോബറിൽ ലെക്സസ് ഇന്ത്യ അതിന്റെ എസ്.യു.വി ഉൽപ്പന്ന നിരയിലും 46% വളർച്ച കൈവരിച്ചു. ആർഎക്സ്, എൻഎക്സ് പോലുള്ള മോഡലുകളുടെ ശക്തമായ മുന്നേറ്റമാണ് ഇതിനു സഹായകമായത്.

'ഈ ഉത്സവ സീസണിൽ ഞങ്ങളുടെ ഉപഭോക്താക്കളുടെ പിന്തുണയ്ക്കും മികച്ച പ്രതികരണത്തിനും ഞങ്ങൾ അഗാധമായ നന്ദിയുള്ളവരാണ്, അതോടൊപ്പം ലെക്സസ് ബ്രാൻഡിൽ ഞങ്ങളുടെ ഉപഭോക്താക്കൾ അർപ്പിക്കുന്ന വിശ്വാസ തലത്തിന്റെയും ഞങ്ങളോടൊപ്പമുള്ള അവരുടെ യാത്രകളെ സമ്പന്നമാക്കുന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളിലും അനുഭവങ്ങളിലും ഉന്നത നിലവാരം പുലർത്താനുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെയും തെളിവാണ് ഈ വളർച്ച.' ലെക്സസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് തൻമയ് ഭട്ടാചാര്യ പറഞ്ഞു.

2017ൽ ലെക്സസ് ഇന്ത്യയിൽ അരങ്ങേറ്റം കുറിച്ച ലെക്സസ് ഇന്ത്യ, 024 ജൂൺ 1 മുതൽ വിൽക്കുന്ന എല്ലാ പുതിയ ലെക്സസ് മോഡലുകൾക്കും ഒരു ഇൻഡസ്ട്രിഫസ്റ്റ് 8വർഷ/160,000 കി.മീ വാഹന വാറന്റി അവതരിപ്പിച്ചു. 024 ഫെബ്രുവരി 1ന് ആരംഭിച്ച 5 വർഷത്തെ റോഡ്സൈഡ് അസിസ്റ്റൻസ് (ഞടഅ) പ്രോഗ്രാമും ഉപഭോക്താക്കളുടെ സൗകര്യവും മനസ്സമാധാനവും വർദ്ധിപ്പിക്കുന്നു. 2024 ഓഗസ്റ്റ് മുതൽ വാഹനങ്ങൾക്ക് ആഡംബരവും മോടിയുള്ളതുമായ ഫിനിഷിംഗ് നൽകുന്ന ഉയർന്ന നിലവാരമുള്ള ബോഡി കോട്ടിങ് ഫാക്ടറിയും ആരംഭിച്ചു. ഈ വർഷം ഉപഭോക്തൃ ഇടപഴകൽ കൂടുതൽ സമ്പന്നമാക്കുന്നതിന്, ബാംഗ്ലൂർ, ഡൽഹി എൻ.സി.ആർ, ഹൈദരാബാദ്, മുംബൈ എന്നിവിടങ്ങളിൽ ലെക്സസ് ഗോൾഫ് ഇവന്റുകളും പ്രത്യേക ഗോൾഫ് ക്ലിനിക്കുകളും സംഘടിപ്പിക്കുന്നുണ്ട്.

